No: 257
743

# കൈരളീഗാനം.

(നവീനപദ്യപാഠാവലി)

ഏഴാംഭാഗം.

MUNAVVIRUL ISLAM L. P. SCHOOL. ERNAKULAM. Date..........
1701

സംശോധകന്മാർ:

മഹാകവി, കുട്ടമത്തു കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്,

പണ്ഡിതർ, രാജാസ് ഹൈസ്കൂൾ, നീലേശ്വരം.

വിദ്വാൻ, കെ. വി. മാനൻ ഗുരുക്കൾ,

പണ്ഡിതർ, ഗവർമ്മെന്റ് ബ്രണ്ണൻകോളേജ്, തലശ്ശേരി

സമ്പാദകൻ:

യുവകവി, പി. കുഞ്ഞിരാമൻനായർ.

TRICHUR
SARASWATHI (ELEC.) PTG. & PBG. HOUSE.
1939/1114

PRICE 5 As.] Copy-right to Publishers. [വില 5 അണ.

MUNAVVIRUL ISLAM S. SCHOOL. ERNAKULAM.
Date..........
No: 257
743

# കൈരളീഗാനം

(നവീനപദ്യപാഠാവലി)

---

ഏഴാംഭാഗം.

---

സംശോധകന്മാർ:
മഹാകവി, കുട്ടമത്തു കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്,
പണ്ഡിതർ, രാജാസ് ഹൈസ്കൂൾ, നീലേശ്വരം.
വിദ്വാൻ, കെ. വി. മാനൻ ഗുരുക്കൾ,
പണ്ഡിതർ, ഗവൺമെന്റ് ബ്രണ്ണൻകോളേജ്, തലശ്ശേരി.

---

സംപാദകൻ:
യുവകവി, പി. കുഞ്ഞിരാമൻനായർ.

TRICHUR
SARASWATHI (ELEC.) PTG. & PBG. HOUSE.
1939/1114

PRICE 5 As.] *Copy-right to Publishers* [വില 5 അണ.

# പ്രസ്താവന.

ഈ പദ്യസംകലനത്തിലെ ആദ്യഭാഗങ്ങൾ നാലു കൊല്ലം മുമ്പു സമാഹരിച്ചവയാണു്; ആ പ്രവൃത്തി നടന്നതു് പണ്ഡിതകവിയും, ഉത്തമോപാദ്ധ്യായനും, മാന്യസുഹൃത്തുമായിരുന്ന കെ. സി. കുട്ട്യപ്പുനമ്പ്യാരുടെ ഉപദേശപ്രകാരമായിരുന്നു. അന്നത്തെ കരട്ടുകോപ്പികൾ വേണ്ടവിധം പരിശോധിച്ചു, പുതുക്കിയെഴുതി ഇന്നു വിദ്യാൎത്ഥിലോകത്തിന്റെ കയ്യിൽ സവിനയം സമൎപ്പിച്ചുകൊള്ളുന്നു.

മലയാളസാഹിത്യത്തിന്റെ ശൈശവം മുതൽ നവയൌവ്വനം വരെയുള്ള ചരിത്രചിത്രങ്ങൾ ഈ ലഘുദൎപ്പണത്തിലടക്കം ചെയ്തിട്ടുണ്ടെന്ന വസ്തുത സൂക്ഷ്മദൃഷ്ടികളായ സഹൃദയന്മാരെ പറഞ്ഞറിയിക്കേണ്ടതില്ലെന്നു വിശ്വസിക്കുന്നു.

ഈ പദ്യരത്നസംകലനംകൊണ്ടു് ഞങ്ങളാൎക്കു കടപ്പെട്ടുകഴിഞ്ഞിരിയ്ക്കുന്നുവോ, ആ കേരളീയ കവിലോകത്തോടു നന്ദി പ്രദൎശിപ്പിയ്ക്കുവാനും ഈയവസരത്തെത്തന്നെ ഞങ്ങളുപയോഗപ്പെടുത്തിക്കൊള്ളുന്നു.

1—10—1114. സംപാദകൻ.

# വിഷയവിവരം.


| | | |
|---|---|---|
| ൧. | പ്രഭാതഗീതം | 1 |
| ൨. | ജീവിതചിന്ത | 3 |
| ൩. | ഖാണ്ഡവദാഹം | 4 |
| ൪. | ഇന്ദ്രന്റെ ഭയം | 5 |
| ൫. | മാപ്പ് | 8 |
| ൬. | മൃഗബലി | 12 |
| ൭. | ഒരു സ്വപ്നം | 14 |
| ൮. | വേല | 18 |
| ൯. | നക്ഷത്രഗീതം | 20 |
| ൧൦. | ജിജ്ഞാസ | 21 |
| ൧൧. | വർഷരാത്രി | 23 |
| ൧൨. | ശിവോതിപ്പൂവ് | 25 |
| ൧൩. | പൂന്താങ്കോൽ | 27 |
| ൧൪. | ശാന്തിമണ്ഡപം | 28 |
| ൧൫. | ഒരു പ്രാർത്ഥന | 30 |
| ൧൬. | ജഗൽപ്രാണൻ | 32 |
| ൧൭. | പൊയ്ക | 33 |
| ൧൮. | മാമ്പഴം | 34 |

൧൯. ദത്തപുത്രൻ ... ... 37

൨൦. രണ്ടു കുട്ടികൾ ... ... 39

൨൧. ആൎഷഭൂമിയുടെ ആത്മാവു് ... 41

൨൨. വിശാലഹൃദയം ... ... 46

൨൩. വിട്ടയയ്ക്കുക ... ... 48

൨൪. ബാലലീല ... ... 51

൨൫. ശിശുപാഠം ... ... 53

൨൬. അന്തിമരംഗം ... ... 56

൨൭. വസന്തകോകിലം ... ... 59

൨൮. സാഹിതീസപൎയ്യ ... ... 61

൨൯. അവഗ്രഹം ... ... 64

൩൦. ഈശ്വരൻ ... ... 66

൩൧. രാജധൎമ്മം ... ... 69

൩൨. സിദ്ധാൎത്ഥന്റെ സമ്മാനം ... 72

൩൩. ശങ്കരാചാൎയ്യരും ചണ്ഡാലനും ... 77

൩൪. വെൽക വെൽക ... ... 80

# കൈരളീഗാനം

## ഏഴാം ഭാഗം.

### ൧. പ്രഭാതഗീതം.

അല്ലിന്റെയന്തിമയാമത്തെഗ്ഘോഷിച്ചു
കല്ലോലമാലി തൻ മന്ദ്രതൂര്യ്യം;
രാത്രി തൻ പോക്കെത്രത്തോളമായെന്നതു
പാർത്തറിയുന്നതിനെന്നപോലെ,
നൽച്ചെന്തലപ്പാവുള്ളതല പൊക്കിനി-
ന്നുച്ചത്തിൽ കൂകിനാർ കുക്കുടങ്ങൾ.
ചിക്കെന്നുണർന്നെഴുന്നേററുഷസ്സെന്നവൾ
ശുക്രനാം കൈവിളക്കേന്തിയെത്തി,
നാനാവിഹംഗമ നാദമാം കങ്കണ
ക്വാണമോടംബരശാലയിങ്കൽ,
ഇന്നലെ രാവുപയോഗിച്ച പൂക്കളൊ-
ക്കുന്ന താരങ്ങളടിച്ചുവാരി,
താവൽക്കസ്തൂരിച്ചാറാക്കിയ വാർതിങ്കൾ-
ത്തുവെള്ളിക്കിണ്ണവും ദൂരെ മാററി,

വെൺകുളുർനീൽരാനനച്ചു പുരോഭവി
കുങ്കുമലേപവുമാചരിച്ചാൾ.
ആ വേലക്കാരിതൻ നിശ്വാസംപോലവേ,
പൂവിൻ മണവുമായ് വീശി തെന്നൽ.
ബ്രഹ്മാണ്ഡഹർമ്മ്യത്തിൻ മേൽത്തട്ടും കീഴ്ത്തട്ടും
നിർമ്മലമായി വിളങ്ങി മേന്മേൽ.

ഇപ്പടി നൂറുനൂറായിരം ഹർമ്മ്യങ്ങ-
ളെപ്പൊഴും പുത്തനായ് വെച്ചുപോററി,
ഒപ്പമൃതുകളിലൊക്കെ വിളയാട്ടു-
മപ്പരാശക്തിക്കു കൂപ്പുക നാം!

# ൫. ജീവിതചിന്ത.

"ജാതനായാൽ മൃതനാമവനെന്നൊരു
നീതി ചമച്ചിതു നീരജസംഭവൻ.
കാലചക്രഭ്രമം പാൎത്തുകണ്ടാലൊരു
കാലവും ദുഃഖിപ്പതിന്നില്ല കാരണം.
ജീൎണ്ണവസ്ത്രം കളഞ്ഞീടുമ്പോളുടൻ മാനുഷർ
പൂൎണ്ണശോഭം നവവസ്ത്രം ധരിച്ചിടും.
ജീൎണ്ണദേഹം കളഞ്ഞീടുമ്പോൾ ദേഹികൾ
പൂൎണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു.
നിത്യമല്ലേതുമേ ദേഹാദികളിതു
നിത്യമാകുന്നതു നിശ്ചയമീശ്വരൻ;
ചത്തും പിറന്നുമിരിക്കുമിജ്ജന്തുക്കൾ
ചിത്തേ സുഖദുഃഖമെന്നതെന്തിന്നഹോ;
ആദ്യന്തമില്ലാത്ത കേവലൻ വേലകൾ-
ക്കാദ്യന്തമില്ലെന്നറിക ധരാപതേ."

എഴുത്തച്ഛൻ

# ൧൦. ഖാണ്ഡവദാഹം.

വ്യഗ്രങ്ങളായുള്ള കേകികൾ പീലിത-
ന്നാഗ്രങ്ങൾ ചൂഴും നിരന്നിതപ്പോൾ,
വാനവർ നായകൻ വാരാഞ്ഞതെന്തെന്നു
കാനനം നോക്കുന്നിതെന്നപോലെ.
വേവുററു നിന്നോരു വേതണ്ഡയൂഥമ-
പ്പാവകൻ തന്നിലേ മുങ്ങുന്നേരം,
പൊങ്ങിനിന്നീടുന്ന തുമ്പിക്കരങ്ങളെ
യെങ്ങുമേ കാണായി നീളെയപ്പോൾ.
ആരബ്ധമായോരു ബാണഗൃഹത്തിന്റെ
വാരുററ തൂണുകളെന്നപോലെ.
ദീനത കൈവിട്ടു ദ്ദൂരത്തു നിന്നോരു
കാനനം തന്നിലപ്പാവകൻ താൻ.
വെന്തതു കാൺക പുരന്ദരമാനസം
ചിന്തിച്ചുകാൺകിൽ വിചിത്രമത്രെ!

ചെറുശ്ശേരി.

## ൪. ഇന്ദ്രന്റെ ഭയം.

അഞ്ചും മൂന്നും മൂൎത്തികളുള്ളോരു
സഞ്ചിതഗുണനാമഖിലേശ്വരനുടെ,
ചെഞ്ചിടമുടിയും നിടിലത്തടവും
സഞ്ചിതപാവകനേത്രപ്രഭയും,
ചഞ്ചലഫണാമണി കുണ്ഡലയുഗളം
പുഞ്ചിരി തഞ്ചിന തിരുമുഖവടിവും,
ഗരളസ്ഫുരിത മഹാഗളതലവും
പരിചൊടു ചേതസി ചേൎത്തു കിരീടി;
പരമാനന്ദസമുദ്രേ മുഴുകി!
പരമേശ്വരനഹമെന്നുമറപ്പി-
ച്ചുരുതര ഭക്തി മുഴുത്തു മുനീശ്വര-
ചരിതത്തെക്കാളൊന്നു കവിഞ്ഞു.
ഫലമൂലാദികൾ, ഭക്ഷണമില്ലാ
നിലമതിലൊരു കാലൂന്നിക്കൊണ്ടൊരു
നിലയും നിഷ്ഠയുമെത്ര കഠോരം!
വലരിപുസുതനുടെ ജടയുടെ നടുവിൽ
പല പല പക്ഷികൾ കൂടുകൾ കെട്ടി.

ചുററും വള്ളികൾ വന്നുടനിടയിൽ
ചുററുന്നതുമവനറിയുന്നില്ല.
അത്ര ഭയങ്കരമായ തപസ്സിനു
പാത്രമതാകിയ പാർത്ഥൻ തന്നുടെ,
വാർത്തകൾ കേട്ടഥ വാസവനുള്ളിൽ
ചീർത്തൊരു ഭീതി മുഴുത്തുതുടങ്ങി.
"സ്വർഗ്ഗമശേഷമടക്കാമെന്നൊരു
ദുർഗ്ഗ്വിന്നുടെ മകനു തുടങ്ങി.
ധനമെന്നുള്ളതു മോഹിക്കുമ്പോൾ
വിനയമൊരുത്തനുമില്ലിഹ നൂനം;
തനയൻ ജനകനെ വഞ്ചനചെയ്യും
ജനകൻ തനയനെ വധവും കൂട്ടും.
അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും
മനുജന്മാരുടെ മാർഗ്ഗമിതെല്ലാം.
ഭുവനം മൂന്നുമടക്കി വസിപ്പാ-
നവനുണ്ടാഗ്രഹമതു സാധിക്കും.
ശിവനും പിന്നെസ്സേവിപ്പോരെ
ശിരസി കരേറാനൊരുമടിയില്ലാ!

കുടിലതയുള്ളൊരു ചന്ദ്രക്കലയെയും
മുടിയിലെടുത്തു നടക്കുന്നില്ലേ?
നമ്മുടെ മകനൊന്നാകിലുമിങ്ങിനെ
സമ്മതമല്ല നമുക്കൊരു നാളും.
തള്ളയ്ക്കിട്ടൊരു തല്ലു വരുമ്പോഴും
പിള്ളയെടുത്തു തടുക്കേയുള്ളൂ.
വല്ലാ മക്കളിലില്ലാ മക്കളി-
തെല്ലാവർക്കും സമ്മതമല്ലോ.

നമ്പ്യാർ.

---

## ൫. മാപ്പ്.

തീവണ്ടിയാപ്പീസ്സിലനേകമട്ടായ്-
ത്തിങ്ങുന്നു യാത്രോദ്യതരാം ജനങ്ങൾ;
കാറ്റേല്ലാരാളങ്ങൊരാഴക്കമൂക്കിൽ
മലൎന്നു മെയ്‌നീണ്ടുകിടന്നിരുന്നു. 1

ഞരമ്പെലുമ്പെന്നിവ ചേൎത്തുവെച്ചു
ചുളിഞ്ഞ തോൽകൊണ്ടഥ മൂടിയിട്ടാൽ,
ആളെന്ന പേരായതിനൊക്കുമെങ്കി-
ലൊരാളു താനഗ്ഗളിതാംഗചേഷ്ടൻ! 2

കൈച്ചീട്ടു വാങ്ങാനുഴറാതെ, നേരം
നോക്കാതനങ്ങാതെ കിടന്നിതായാൾ;
തീവണ്ടിചെല്ലാത്തൊരിടത്തിലേക്കാ-
യിരുന്നു സായാസമവന്റെ, യാനം! 3

കൺകുണ്ടിലായി; കവിളൊട്ടി; മൂക്കു
വളഞ്ഞു; വൈവൎണ്ണ്യമിയന്നു വക്ത്രം,
ആ നിസ്സഹായൻ പരലോകപാന്ഥ-
നാണെന്നു,പേതാക്ഷരമുച്ചരിച്ചു! 4

കുപ്പായമില്ലാ, കുടയില്ല, മാറാ-
പ്പില്ലാ, വിരിപ്പില്ല, ചെരിപ്പുമില്ലാ;
ഇദ്ദീർഘയാത്രോദ്യതനുണ്ടരയ്ക്ക-
ലിരുണ്ട കീറത്തുണിയൊന്നു മാത്രം! 5

പൈശാചതൃഷ്ണയ്ക്കടിപെട്ടൊ,ട്ടങ്ങാ-
പ്പുണിയ്ക്കു നിത്യം മുതലാളിവർഗ്ഗം,
ചെഞ്ചോരതീന്നപ്പൊഴുതിട്ടെറിഞ്ഞ
മനുഷ്യദേഹങ്ങളിലൊന്നിതത്രേ! 6

സുഖാമൃതം സ്വൈരമശിച്ചു, ദിവ്യ-
സൌധേ രമിപ്പൂ മുതലാളിവീരൻ;
ആയാൾക്കു വിൺ തീർത്തവരോ വിശപ്പാൽ
പല്ലേടവും വീണു മരിച്ചിടുന്നു! 7

മേലാൾക്കു പൂംപട്ടു കിടയ്ക്ക, തുന്നി-
ക്കൂട്ടുന്നതിന്നാരുടെ കൈ കഴച്ചു;
ഏതോ മരത്തിൻ പൊളിയാണവന്നു
കിടച്ചതാ ഹന്ത കിടന്നു ചാവാൻ! 8

ഉണ്ടായിരിയ്ക്കാം തനതച്ഛനമ്മ
കുഞ്ഞുങ്ങൾ ചേരും കുടിലൊന്നിവന്നും,
അഭാഗ്യവത്താകുമതിൻ നടുത്തൂൺ
താനായവരാം വീണു കിടക്കുമീയാൾ! 9

ഈ വിശ്രമാവസ്ഥയിലും വിയത്തി-
ട്ടുണ്ടാപ്പുണ്ണിക്കാരന്ദ ഫാലദേശം;
ശ്രമിച്ചു കണ്ണും, കുറകും കഫത്തിൽ
പ്രാണപ്രയാണവ്യഥ പൂഴ്ത്തിവെപ്പാൻ. 10

അവൻറെയെല്ലുന്തി വിളർത്തമാത്ത-
ട്ടു; നക്ഷണം ശ്വാസവിജൃംഭിതത്താൽ,
യമാഗമം നോക്കിടുവാനെണീററും
കാണാഞ്ഞിരുന്നും വിഷമിച്ചിരുന്നു; 11

അശക്തമാമത്തല താങ്ങുവാനോ
തളർത്ത മെയ്യൊന്നു തലോടുവാനോ,
അങ്ങാരുടേയും കൃപ കയ്യയച്ചീ-
ലെന്തിന്നവൻ ദീനദരിദ്രനായി; 12

എന്തിന്നവൻ പേർ പുകഴാത്തൊരാളാ-
യെന്തിന്നവൻ ഹീനകുലേ ജനിച്ചു;
മഹൻമൃതാംഗസ്നപനോചിതം നിൻ
വെന്നീർ വൃഥാവിൽക്കളയായ്ക കണ്ണേ! 13
(യുഗ്മകം)

അറപ്പുമൂലം ചിലർ മാറിനിന്നാ-
രവൻറെ ഗാത്രം മലിനം വിഗന്ധം;
ചിലർക്കു ചിത്താർദ്രത കഷ്ടമെന്നീ-
യൊരൊററ വാക്കിൽച്ചിലവായ്ക്കഴിഞ്ഞു. 14

നോക്കിച്ചിരിച്ചൂ ചില ദേവകല്പർ
ചാകാൻ തുടങ്ങീടുകയാണു പാവം;
ചിലർക്കുദിച്ചീല വികാരമൊന്നും
മരിക്ക സാധാരണമല്ലി മന്നിൽ? 15

മരിക്ക സാധാരണം;മീ വിശപ്പിൽ-
ദ്ദഹിക്കലോ നമ്മുടെ നാട്ടിൽ മാത്രം;
ഐക്യക്ഷയത്താലടിമശ്ശവങ്ങ-
ളടിഞ്ഞുകൂടും ചുടുകാട്ടിൽ മാത്രം! 16

കിടാങ്ങളെക്കിഞ്ചന പുൽകുവാനോ
പിതാക്കൾതൻ തൃക്കഴൽ കൈതൊഴാനോ,
നൽപ്പാതിമെയ്യോടവസാനയാത്ര
യുൾബാഷ്പക്കൊല്ലുരചെയ്യുവാനോ; 17

തരപ്പെടാതത്തരുണൻ പൊറപ്പ്,
ററതാ മുഴങ്ങീ മണിയൊച്ച മേന്മേൽ,
അവങ്കലെത്തും ശമനൻെറ പോത്തിൻ
കണ്ഠസ്ഥഘണ്ടാരവമെന്നപോലെ! 18

തീവണ്ടി വന്നു; പുരുഷാരമതിൽക്കരേറി,
ദ്യോവിങ്കൽ വീണ്ടുമൊരുവാരമുയർന്നു സൂര്യൻ;
പാവങ്ങൾ ചത്തിടുകിലെന്തു പിറക്കിലെന്തെൻ
പാഴ്വാക്കിതിന്നരുൾക മാപ്പു മനീഷിമാരേ! 19

വള്ളത്തോൾ.

## ന്ദ്വ. മൃഗബലി.

"ജീവിതമാക്കും പ്രിയതമമാകുന്നു വിഭോ,
ജീവലോകത്തിൽ സുഖസംശ്രയമതാകുന്നു.

കേവലം പുഴുവിന്നും, കേമനാം മനുഷ്യനും,
ദേവനുതാനുമതിൽ മമത തുല്യമല്ലോ.

അതിനോടഭിമാനബന്ധംകൊണ്ടല്ലോ കാൺമൂ;
മൃതിയിൽ ജന്തുക്കൾക്കു പേടിയും ഞെട്ടുക്കവും.

അന്തമേകുവാനായിട്ടെളുതാമിജ്ജീവിതം
ഹന്ത ഭൂപനുപോലും നിർമ്മിപ്പാനരുതല്ലോ.

വിസ്മയാവഹമൊരു തത്വമാണതെന്നതു
വിസ്മരിച്ചഹോ, മർത്ത്യനതിനെ ഹിംസിയ്ക്കാമോ?

വിട്ടുതിട്ടും പ്രാണനെ പ്രത്യർപ്പിക്കുവാൻതന്നെ
മിടുക്കു നമുക്കില്ല കൊലചെയ്യരുതാരും;

അതുമല്ലോർത്താൽ ദയയോലുവോക്കിജ്ജീവിത-
മതുലമായ ദൈവാനുഗ്രഹമല്ലോ പാരിൽ;

ദയ ശക്തിഹീനരെയാശ്വസിപ്പിച്ചീടുന്നു;
സ്വയമേകുന്നു ചാരിതാർത്ഥത ശക്തന്മാക്കും;

ഘാതകൻ നിർദ്ദയാ ഗുണത്തെ ഹനിയ്ക്കുന്നു;
രോധിച്ചീടുന്നു കൊന്ന ജന്തുവിൻ ഗതിയേയും.

കർമ്മപാശത്തിൻകീഴും മേലുമായ്പ്പലവിധ-
ജന്മമാർന്നിയന്ന ജീവജാലങ്ങൾതന്നെ,

ഉണ്മയോർക്കുകിലും സോദരരല്ലോ തമ്മി-
ലമ്മറ നിനച്ചാലുമൊന്നിനെക്കൊന്നീടാമോ?

എന്നല്ല നറുമ്പാൽ നല്ലോമനപ്പൂരോമങ്ങൾ
എന്നിതുകളാം നിജ സർവ്വസ്വം നമുക്കേകി,

നമ്മളെ വിശ്വസിച്ചു നാളുകൾ നയിക്കുന്ന
കന്മഷമോരാതുള്ള കൂട്ടങ്ങളീയാടുകൾ,

വിളിച്ച വഴിപോരുമിത്തൃണാശികൾ നീട്ടും
ഗളനാളത്തെപ്പിടിച്ചറക്കെന്തു കഷ്ടം!

എന്തൊരു കുടിലത,യെന്തുനിഷ്ഠുരത
എന്തൊരക്രമമെത്ര നിഷ്ഠുരമഹാപാപം.

പുണ്യസോപാനമേറാൻ മോഹിച്ചു യജ്ഞം ചെയ്തു,
നിങ്ങൾ നരകാബ്ധിയിൽ പതിക്കുന്നു!"

കുമാരനാശാൻ.

## ൧. ഒരു സ്വപ്നം.

ഇരവുപകുതിപോയി; ഞാനുറങ്ങാൻ
അരമണയാതെകിടന്നു ബുദ്ധിമുട്ടി;
നിരവധിവളരും വിചാരവീചി
നിരയിൽമനം നിലവിട്ടു നൃത്തമാടി. 1

കെടുതിയതിലുമെന്തു, നാട്ടിൽ നെല്ലി,-
ല്ലുടുതുണിയില്ല; വിളക്കിനെണ്ണയില്ല.
ഒടുവിലിത മുടിഞ്ഞ മേടമാസ-
ക്കൊടുവെയിലിൽ കുടിനീരുമില്ല കഷ്ടം! 2

വറുതി, വറുതി,യെന്നു ചൊല്ലുവോരീ-
യറുകുലതന്നുടെയാർപ്പുകേട്ടിടാതെ,
ചെറുതുമൊരിടമില്ല, ലോകമേ നിൻ
നെറുകയിലെക്കടുരേഖ നീണ്ടുപോയി! 3

എതുവരെ നിലമാറി കാലദോഷ-
പ്പുതുവിനകൾക്കതിരില്ലൊരറ്റമില്ല;
ഇതുമൊരു വിധിയോ പരേതരാജ
ക്രതുവിനുഴിഞ്ഞ പശുക്കൾ ഭാരതീയർ. 4

നലമുടയ നരേന്ദ്രരൊക്കെ മേന്മേൽ
പല മറകൈകൾ പഠിച്ചതൊക്കെനോക്കാം;
ഫലമെവിടെ വരും; ജഗത്തു ഹാലാ
ഹലകബളീകൃതമായ്ക്കഴിഞ്ഞുവല്ലോ.] 5

ദിനമനു ധനനാഥനാല്യമിപ്പോൾ
അനശനശാസ്ത്രമധീതമായിരിക്കെ,
ജനഭൂമി ജനനാൽ ദരിദ്രനഷ്ടാ,
കനലിതിൽനിന്നു കരക്കു കേറാമുണ്ടോ? 6

തെരുതെരെവരുമീ വിചാരവായ്പിൻ,
വിരുതിനു ഞാൻ വിളയാട്ടമായ്ക്കടക്കെ,
ഒരു കൊടിയ കിനാവു കണ്ടു, തെല്ല്-
ക്കരുമനയെക്കടലാസ്സിലാക്കിനോക്കാം. 7

അരുവയറൊരു പെൺകിടാവു പാർത്താ-
ലിരുപതിലേറെ വയസ്സിരിക്കയില്ല;
തരുണിയവളതിന്നു മുമ്പു ഹാ ഹാ
നിരുപമ നിർദ്ധനതക്കു നൃത്തരംഗം. 8

അവികലമവൾതൻ വപുസ്സു, കാല
സ്ഥവിരതയെന്ന കരിങ്കുരങ്ങുകേറി,
അവിടവിടെ മുറിച്ചുകീറി മാന-
സ്സുവിതൃസുതാർപ്പണയോഗ്യമാക്കിടുന്നു! 9

ഉടൽ ഖിളറി വരണ്ടു, കുന്തൽ വെള്ളി-
ച്ചിടവടിവാൎന്നു, കവിൾത്തടം ചുളുങ്ങി;
സ്സുടമവൾ നവയൌവ്വനത്തിലീശൻ
ചുടലയിൽവെച്ചു ശുഭേതരാസ്ഥികൂടം. 10

ഒരു ചെറുശിശുവുണ്ടവൾക്കുകൈയിൽ
കരുണമിരുന്നു കരഞ്ഞിടുന്നു പാവം;
ഒരുകുറി കണികണ്ടവൎക്കു കുന്നിൽ-
ക്കരു,മിഴികൾക്കതുകൂടെ നിൽക്കുമെന്നും. 11

വിവിധമുലകിലെസ്സുഖത്തിനെല്ലാ
മവിഷയമശ്ശിശുവിന്നവസ്ഥ കണ്ടാൽ,
പവിയുടെ മനയും ദ്രവിച്ചുപോകും
കവിയുടെഹൃന്നവനീതമെന്തുപിന്നെ? 12

അകതളിരിലെരിഞ്ഞൊരഗ്നിയാൽ തൻ,
പ്രകടവിചാരഹിമാനിതപ്തമായി,
മകനെയഭിമുഖീകരിച്ചുകൊണ്ട-
ശ്ശകലിതഭാവുക സാദ്ധ്വിയേവമോതി:— 13

അരിമമകനുറങ്ങു;റങ്ങുകെന്നോ
ഹരിഹരി ഞാനൊരു വാക്കുരച്ചുപോയി;
ദുരിതമെഴുമെനിക്കു ചേൎന്നതല്ല,
പ്പെരിയവർതൻമൊഴി നീ മയങ്ങു കുഞ്ഞേ! 14

പഴയൊരുലകമല്ല, പച്ചവെള്ളം
കിഴവികൾപോലുമിരക്കിൽ നൽകുകില്ല;
പിഴയവരുടെയല്ല; കാലദോഷ-
ച്ചുഴലിയിലിക്ഷിതി, ശൂദ്ധതുലമിപ്പോൾ. 15

ഹരിഹരി ഹതദൈവമാം കിരാതൻ
പരിചിൽവിടും കണയാശു മാറുകീറി,
പെരികെ വിവശയായ് പിടഞ്ഞുവോരി
ഹരിണി, ഗദപ്പുലിയാൽ ഗൃഹീതയായി." 16

ഉള്ളൂർ.

## വൃ. വേല.

നാമം ജപിക്കലും പാടി സ്തുതിക്കലും
നീ മന്ത്രം ചൊല്ലലും നിൎത്തിയാലും,

ചാരിയ വാതിലൊത്ത,മ്പലമൂലയിൽ
കൂരിരുട്ടത്താരും കൂട്ടില്ലാതെ,

ആരെ നീ പൂജിപ്പതക്ഷി തുറക്ക നിൻ
നേരെ നിന്നീശ്വരൻ നിൽക്കുന്നില്ല.

പാരമുറച്ചുള്ള കണ്ടമുഴും, കൃഷി
ക്കാരനൊന്നിച്ചാകൃഷിസ്ഥലത്തും,

പാറപൊളിച്ചടച്ചീടും വഴിപ്പണി
ക്കാരനോടൊത്തുമവൻ വസിപ്പൂ.

വെയിലത്തും വാൎക്കും മഴയിലുമങ്ങേതു
കാലത്തുമായവരോടു കൂടെ;

വേലചെന്നൂഴിയിൽ മുങ്ങിയവരവർ
വേലയെടുക്കുന്ന ദിക്കിലുണ്ടാം.

വൃത്തിയിലേററം വിശുദ്ധമായുള്ള നിൻ
വസ്ത്രം മടിക്കാതെയൊന്നു മാറി,

ഏത്തുക പൂഴി പരന്നോരു മണ്ണിൽ നീ
യെത്രയും വേഗാലവനെപ്പോലെ.

ധ്യാനവും വിട്ടു പുറത്തേക്കു പോന്നാലും
സൂനവും ധൂപവും നീക്കിവെക്കു.

ചേർപ്പാറിക്കീറിയുടപ്പെങ്കിലെന്തിങ്ങു,
ചേതം നിനക്കു ഭവിച്ചീടുന്നു;

ചെന്നവൻ തന്നോടു ചേൎന്നു നീ വേലകൾ
ചെയ്യുക നെററി വിയൎക്കും വണ്ണം.

കണ്ടൂർ നാരായണമേനോൻ.

## ൯. നക്ഷത്രഗീതം.

എരിയും സ്നേഹാർദ്രമാമെന്റെ ജീവിതത്തിന്റെ
തിരിയിൽ ജ്വലിക്കട്ടെ ദിവ്യമാം ദുഃഖജ്വാല.
എങ്കിലും നെടുവീർപ്പിൻ ധൂമരേഖയാൽ നൂനം,
പങ്കിലമാക്കില്ലെന്നും ദേവമാർഗ്ഗമാം വാനം;
എങ്കിലും മദീയാത്മവ്യാപിയാമൂഷ്മാവാക്കും
പങ്കിടില്ലാജന്മാന്തം; ഞാനതിലെരിഞ്ഞാലും!
എൻചിതയിങ്കൽത്തന്നെയാണു ഞാനെ,ന്നാലതോ
പുഞ്ചിരിത്തിളക്കത്തെപ്പഥികൻ ദർശിക്കുന്നു;
വീണു, ഞാനാകാശത്തിന്നത്യഗാധതയിങ്കൽ
താണുപോയേക്കാം മൂർച്ഛാധീനമായ;ല്ലെന്നാകിൽ,
ഭസ്മമായേക്കാം, തീരെക്ഷുദ്രനാമെന്നെപ്പിന്നെ
വിസ്മരിച്ചേക്കാം കാലം—എന്നാലുമിതു സത്യം:-
ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോഴും,
ബ്ഭൂവിനാ വെളിച്ചത്താൽ വെണ്മ ഞാനുളവാക്കി!

ജി. ശങ്കരക്കുറുപ്പ്.

---

## ൧൦. ജിജ്ഞാസ.

"എങ്ങുനിന്നമ്മേ, പറഞ്ഞുതരികെനി-
ക്കെങ്ങുനിന്നെത്തിയിപ്പിഞ്ചുപൈതൽ?"
തന്നനുജത്തിയെത്തൊട്ടു തലോടിക്കൊ-
ണ്ടെന്നോടു ചോദിച്ചാനേവമുണ്ണി.
ആയിരമായിരമാണ്ടുകൾ മുൻകാല-
ത്താവർത്തിച്ചുള്ളൊപ്പഴയ ചോദ്യം,
അത്തളിർച്ചുണ്ടിൽ നിന്നങ്കുരിക്കെ, പ്പേർത്തും
പുത്തൻതേൻതുള്ളികളോലുമൊന്നായ്.
ആദ്യമാത്മാവിൽക്കിളിർക്കുമ്പോളേ, ന്യതാ-
സ്വാദ്യം താൻ ജിജ്ഞാസേ നിൻമധുരം.
"എങ്ങുനിന്നെങ്ങുനിന്നാ"ദിമമന്ത്രമി
തെന്നുൾക്കരുന്നുമുരുക്കഴിച്ചു;
അന്തഃശ്രുതികളാൽ കേൾക്കുകയായി ഞാ-
നെന്നിലുമായതിൻ മാറ്റൊലിയെ.
ഉത്തരമില്ലാത്തതായൊരു ചോദ്യമേ,
ബുദ്ധിമാനാകിയ മാനുഷന്റെ,
ഉദ്ധതാത്മാവിങ്കൽ നിന്നെക്കുറിച്ചിട്ടു-
മട്ടിവ്യസങ്കൽപ്പം വെൽവൂ പാരിൽ.
അല്ല, സർവ്വോൽകൃഷ്ടസൃഷ്ടി മനുഷ്യനെ-
ന്നുള്ളതിൻ പൊൽക്കിരീടമുദ്രയോ നീ?

ഇക്കണക്കിന്നു ചരാചരവസ്തുക്കൾ—
ക്കൊക്കെയുമുള്ളിൽധ്വനിപ്പിതോ നീ?
ആത്മപരീക്ഷണത്തിന്നായ് ക്ഷണിക്കും നി-
ന്നാമന്ത്രണത്തെച്ചെവിക്കൊണ്ടിട്ടോ,
തൻനിഴൽപ്പാടിനെസ്സൂക്ഷ്മമായ് വീക്ഷിക്കാ-
മെന്നു നാൽക്കാലി കുനിഞ്ഞിരിപ്പൂ?
ചിന്നിയ തൂവൽപ്പടപ്പികൾ, കൊക്കിനാൽ
തന്നെത്താൻ തപ്പിനോക്കുന്നു പക്ഷി;
നീണ്ടു, വേരോരോന്നു കൊണ്ടു, മാൽവൃക്ഷം, മ-
ണ്ണോണ്ടു തൻ വിത്തിനെയന്വേഷിപ്പൂ,
മന്ദ, മപഗ്രഥിക്കുന്നു ശിലോച്ചയം,
തന്നുടലേറെ നൂറാണ്ടുകളാൽ.
ഓമനേ തീർന്നിട്ടില്ലാശങ്കയെൻ ബുദ്ധി-
ക്കീമഹാപ്രശ്നത്തിൽച്ചാടിമുങ്ങാൻ;
വന്നു നാമെങ്ങുനിന്നെന്നതിനെക്കുറി-
ച്ചൊന്നുമെനിക്കുമറിഞ്ഞുകൂടാ.
അല്ലെങ്കിലീക്കൊച്ചുകയ്യാലളക്കാവ-
തല്ലീ, നിന്നമ്മതൻ തത്വജ്ഞാനം?
നിസ്സാരമാം നിജചോദ്യത്തിനന്നൊരു-
നിശ്ചിതമുത്തരം കിട്ടാഞ്ഞപ്പോൾ,
പിഞ്ചുമകൻ പുഞ്ചിരിക്കൊണ്ടു പുലമ്പിനാ-
“നമ്മൾക്കുമൊന്നുമറിഞ്ഞുകൂടാ.”

ബാലാമണിയമ്മ.

## ൧൧. വർഷരാത്രി.

ദൂരത്തുദൂരത്തായി നീങ്ങിപ്പോ,മേതോ,ദുഃഖ
ഗീതത്തിന്നവസാനഭാഗമെന്നതുപോലെ,
തേഞ്ഞുമാഞ്ഞുപോയ് മെല്ലെമെല്ലെയന്തിതൻ,മൃദു
മഞ്ജുവാംകപോലത്തിൽനിന്നുമസ്സന്ധ്യാരാഗം.
അംബരകുടീരത്തിൽക്കത്തിയ മണിവിളു-
ക്കന്തിനക്ഷത്രമെങ്ങോ പൊലിഞ്ഞുമറഞ്ഞുപോയ്!
അന്ത്യചുംബനംപോലെയമ്പിളിക്കലയതു-
മപ്പൊഴേ ദിക്സുന്ദരിതൻകവിൾക്കുമ്പിൽച്ചേർന്നു.
നാളെയെന്നതിൻച്ഛായയെടുക്കാനാവാം; രാവു
ചാലവേ കറുത്തതൻ തുണിയാലുടൽമൂടി!
താമരയിലപോലെ ചരിക്കുമെൻ ചിന്തയെ-
ത്താഴ്ത്തിയുമുയർത്തിയും രണ്ടെണ്ണം നിലക്കൊണ്ടു.
കൂരിരുട്ടിട്ടുമൂത്ത കടലും, തമിസ്രമായ്
ഭൂരിനീലിമപൂണ്ടോരഗാധഗഗനവും!
മൃത്യുവെക്കുറിച്ചുള്ള ഗാഢചിന്തകളോരോ-
ന്നുജ്ജ്വലിച്ചിതുമീതെയനന്തനക്ഷത്രമായ്;
രാക്കഥയ്ക്കിടയ്ക്കിടെ മൂളുന്ന ദിവാന്ധരോ
മേല്ക്കുമേൽ വിറപ്പിച്ചു കാറ്റിൻെറ കല്ലേർവീഴ്കെ,

പേടിച്ചു കേറിപ്പോത്തിപ്പിടിച്ചു കൊച്ചോളങ്ങൾ
പേമാരിയേററ നനഞ്ഞൊലിച്ചു തീരത്തിനെ!
ജീർണ്ണിച്ചതാകും വഴിയമ്പലത്തിൻ ചാരത്തു
ജീവിതരയമിട്ടു ചതച്ച പാഴ്ത്തോണിയിൽ,
കടവത്തിരിക്കവെ,യെൻകാതിലണഞ്ഞിത-
ച്ചുടലക്കളത്തിങ്കൽനിന്നൊരു മൃദുഗാനം:-
"എത്രയും ഭയങ്കരം ക്രൂരമിന്നഹോ മർത്ത്യ
ചിത്തഭിത്തിമേൽക്കൊത്തിയുള്ളോരു മമ രൂപം;
ജീവിതാദ്ധ്വാവിൽ വെച്ചന്നൊററകാല്ലൾക്കാശ്വാസം,
പൂവിരിച്ചുള്ളോരെൻറയാശ്രമഗൃഹാങ്കണം.
ഇരപ്പാളിതൻമുമ്പിൽപ്പോലുമേയുദാരമായ്
തുറന്നു കിടക്കുന്നു മൽഗൃഹകവാടങ്ങൾ.
ജീവിതതൃഷ്ണകൊണ്ടു വരണ്ട ചുണ്ടിൽ പൈമ്പാൽ
തൂകുന്ന കുളുർത്തിങ്കളെന്നുടെ രാജ്യക്കാരൻ.
ഓമനപ്പേരശാന്തി; മൃതിയെന്നോൻ നാമമീ-
യാമിനിയിവളെൻെറ കൊച്ചുസോദരിയത്രെ!"

പി. കുഞ്ഞിരാമൻനായർ.

## ൧൨. ശിവോതിപ്പൂവ്.

പലജാതിപ്പൂക്കൾ വിടർന്നുനിൽക്കും
മലർവാടിതാനോക്കിലിപ്രപഞ്ചം,
അലിവേറമീശൻ തൻ പ്രേമമോരോ
മലരിലും തൂകുന്നു തൂമരന്ദം!
മുദമേകില്ലാക്കഹോ ചക്രവാളം
മതിൽകെട്ടീട്ടുള്ളോരീരമ്യോദ്യാനം!
അരുമക്കുരുക്കുത്തി മുല്ലകൾ തൻ
കുറുനിര മാടിയൊതുക്കുവാനും,
തുടുപനീർപ്പൂവിൻ മുഖത്തുചിന്നും
പൊടിവിയർപ്പൊപ്പിയെടുക്കുവാനും,
കുതുകത്തോടേതൊരു നേരത്തും ഹാ,
ഇതിനകമാളുകൾ മേൽക്കുമേലേ!
അരികിലാത്തിണ്ണതൻ വക്കത്തുണ്ടോ
രനഘമാം മുക്കുററിപ്പൂവുനിൽപ്പൂ;
കരുണയോടൊന്നു തിരിഞ്ഞുനോക്കി-
ല്ലൊരുവനുമക്കൊച്ചലരിൻ നേരെ!
വെറുതെയതിന്റെ മുഖത്തു തുപ്പും
വരുവോരും പോവോരും പോരെ കഷ്ടം!

ദിവസവുമെന്നാലപ്പിഞ്ചു പൂവിൻ
കവിളൊന്നുതൊട്ടു തലോടിയിട്ടേ,
തെളിവോടെ താരും തളിരുമേന്തി-
വിലസും പൂങ്കാവിലിറങ്ങാറുള്ളൂ;
പുലരുമ്പോഴും വാഴ്ത്തും തമസ്സു നീക്കി-
യുലകുപൊൻപൂശാൻ വരുന്നദേവൻ!

കെ. ടി. രാവുണ്ണിമേനോൻ.

---

NAVIRUL ISLAM L. S. SCHOOL ERNAKULAM

## ൧൨. പൂത്താങ്കോൽ

ബുദ്ധിതൻചിറകിൽച്ചേൎന്നുയൎന്നാലെത്രത്തോള-
മെത്തുമെന്നറിഞ്ഞിട്ടില്ലെന്നാത്മാവിന്നോളവും,
ഇത്തിരിമേൽപ്പോട്ടേയ്ക്കു നോക്കിയനേരം, മുട്ടു
കുത്തിഞാൻ കണ്ണീരോടെൻ കൈരണ്ടും മലൎത്തിപ്പോയി.
അന്ത്യയാത്രയിലും തൻ ഘാതകൎക്കഭയത്തെ-
ച്ചെന്തിരുവായിണ്ണം ചേൎന്ന ഹൃത്തോടഭ്യൎത്ഥിച്ചവൻ;
വെള്ളത്തെ വീഞ്ഞായ്ക്കാട്ടും നിത്യചൈതന്യത്തിര-
ത്തള്ളലിൽ മനുഷ്യൻെറ മാലിന്യം കഴുകിയോൻ.
മാമലമുകളിലും കടലോരത്തും ദിവ്യ
പ്രേമകാഹളമൂതിമാറൊലിക്കൊള്ളിച്ചവൻ,
ആടുമേച്ച കോൽകൊണ്ടു തമ്പുരാനാകാശത്തി-
ലോടുന്ന താരങ്ങളെ മേച്ചുകൊണ്ടിതാനിൽപ്പൂ.
വെല്ലുകാദ്ദാരിദ്ര്യത്തിൻപൂത്താങ്കോലെക്കാലത്തും
വെല്ലുകാ സമ്രാട്ടിൻെറ ചെങ്കോലേതുദ്ദേശത്തും!

കെ. കെ. രാജാ.

## ൧൪. ശാന്തിമണ്ഡലം.

കതിരോ,നാലസ്യംവിട്ടാ വെറുംകുഗ്രാമത്തെ-
ക്കനകപ്പൂന്തോപ്പാക്കി മാററമീ വിഭാതത്തിൽ,
മുളയും പുല്ലുംകൊണ്ടു നിൎമ്മിച്ച മാടത്തിന്നു
വെളിയിൽക്കാളവണ്ടിചെന്നു നിൽക്കുകയായി!
നാഗരീകത്വത്തിൻെറ നാട്ടുകാരനെ,സ്വൈരം
സ്വാഗതം ചെയ്യയായിതങ്കണപ്രാന്തത്തിങ്കിൽ;
വാലാട്ടിശ്ശിരസ്സൽപ്പം പൊന്തിച്ചുനോക്കുന്നോരു
കോലാട്ടിൻ കുതൂഹലകാരിയാം കളനാദം.
തുടരും യജ്ഞത്തിൻെറ തൂമണിസ്വനംപോലെ
തുടരെക്കേൾക്കായ്വന്നു കൈറാട്ടിൻ മൃദുസ്വനം.
വഴികാണിപ്പാൻ വന്നുചേൎന്നോരു മുനിശിഷ്യൻ
തൊഴുകൈപ്പൂവുകൊണ്ടു പൂജിച്ചാനതിഥിയെ.
നിശ്ശബ്ദസ്മിതത്തോടാ നീതിതന്ത്രജ്ഞൻ, തത്ര
നിൽക്കയാണൊരു വെള്ളിപ്പാവപോലല്പനേരം
ഭ്രാന്തമാം നരലോകമെങ്ങു താനിക്കാണുന്ന
ശാന്തിമണ്ഡലമെങ്ങെ,ന്നമ്പരന്നീടുംവണ്ണം,
ഒട്ടനാൾ മന്നോർ മന്നൻ തന്മണിപ്രാസാദത്തിൻ
പടിയിൽക്കൂടിക്കേറിശ്ശീലിച്ചമഹാപ്രഭോ,

പിടയുന്നെന്നോ ചിത്ത മങ്ങിസ്സ്ഥീ വെറും മുള-
ക്കുടിലിൻ മുററത്തേയ്ക്കു മന്ദമായടിവെയ്ക്കേ?
ഉൾത്തുടിപ്പുണ്ടാകായ്കിലായതാണത്യാശ്ചര്യം
സത്യത്തിൻ സനാതനദ്വാരത്തിലെത്തും നേരം.
നീതിയും പാണ്ഡിത്യവുമാഭിജാത്യവുമെന്ന-
ല്ലേതൊന്നും തലചാച്ചു നിന്നു പോമതിൻ മുമ്പിൽ!
സിദ്ധകാമനായ്ത്തീരാൻ പോകുമാവെള്ളക്കാരൻ.
ശുദ്ധിതൻശുഭക്ഷേത്രമുററപ്പുക്ക നോക്കീടുമ്പോൾ,
തറയിൽ തൃക്കാലിന്മേൽക്കാലുമായ്ത്തനിശ്ശുദ്ധ
വിരിയിൽ പ്രസന്നനായ്സൌമ്യനാ,യോജസ്വിയായ്,
വിശ്രമിച്ചരുളുന്നു ദീപ്തമാം കാന്തസ്വര
വിഗ്രഹം കണ്ടാക്കായ്യപുംഗവൻ ഗുരുദേവൻ!
കടലും കടന്നേററം പാടുപെട്ടെത്തിച്ചേർന്നു
കുടിലിൽക്കോടീശ്വരൻ; കൊള്ളാമോ, നവയുഗം?

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

## ൧൭. ഒരു പ്രാൎത്ഥന.

പ്രഭോ മൽക്ഷുദ്രഹൃദയ
ദൌൎബ്ബല്യം വേരറുക്കണേ;
ലഘുവായ് സുഖദുഃഖങ്ങൾ
സഹിപ്പാൻ ശക്തിനൽകണേ!

സ്നേഹം നിഷ്കാമമായുള്ള
സേവനത്താലനാരതം,
വളൎന്നുഫലവത്തായി
വൎത്തിപ്പാൻ ശക്തിനൽകണേ! 2

പാവങ്ങളെയുപേക്ഷിച്ചി-
ടാതെയും ദുഷ്പ്രഭുക്കളെ,
കുമ്പിട്ടുകൂപ്പാതെയും മേ
ജീവിപ്പാൻ ശക്തി നൽകണേ! 3

നിത്യമുണ്ടായ്ക്കൊണ്ടിരിക്കും
നിസ്സാരവിഷയങ്ങളെ,
സ്വയം വെടിഞ്ഞിട്ടെന്നാത്മാ-
വുയരാൻ ശക്തിനൽകണേ! 4

ഭക്തിയോടുമെനിക്കുള്ള
ശക്തിയൊക്കെയുമാദരാൽ,
അവിടുത്തെ ഹിതത്തിന്നാ-
യർപ്പിപ്പാൻ ശക്തിനൽകണേ! 6

[ടാഗോർ] സി. കുഞ്ഞുണ്ണിനമ്പീശൻ.

## ൨൰൩. ജഗൽപ്രാണൻ

ആരുനീയാരുനീ ശീതളസ്പൎശമേ-
യാരുനീയജ്ഞാതസൌഭാഗ്യമേ?
മാമരക്കൂട്ടം കുണുങ്ങുന്നു നിന്നുടെ-
യാഗമവേളയിലാനന്ദത്താൽ.
താവക കീൎത്തനം പാടിയത്തെങ്ങോല-
മാലകൾ നൎത്തനം ചെയ്തീടുന്നു;
വാസനപ്പൂമ്പൊടി പൂശുമാറുണ്ടു നീ,
വാസരശ്രീതൻകവിളിണയിൽ;
സായന്തനാരുണൻ ചായം പിടിപ്പിച്ച
വാരുണീമങ്കതന്നങ്കണത്തിൽ,
ചേണെഴും ചെമ്മുകിൽക്കുഞ്ഞുങ്ങളൊപ്പം നീ
കാണാം കളിക്കുന്നതോടിയോടി.
നീലനിഭൃതനിശീഥിനിയിൽ നിന്റെ
നീണ്ട നിശ്വാസങ്ങൾ ഞാൻ ശ്രവിക്കും.
മാമരത്തോപ്പിലും തൂമലർക്കാവിലും
മാനത്തും താഴത്തുമെങ്ങുമെങ്ങും,
മന്ദമലഞ്ഞലഞ്ഞെത്തുന്ന നീ ഹന്ത
മഞ്ജുളസ്വപ്നമേ മത്സമീപം.
ആരുനീയാരുനീ ശീതളസ്പൎശമേ-
യാരുനീയജ്ഞാതസൌഭാഗ്യമേ!

കടത്തനാട്ട് മാധവിയമ്മ.

## ൧൭. പൊയ്ക.

നളിനങ്ങളുമാമ്പലും നിറ-
ഞ്ഞൊളിചിന്നും ജലമാർന്നതാതിടം,
അളിയും കളഹംസവും പെറം
കുളുർ പൂംപൊയ്കയിതെത്രമോഹനം! 1

അളിമൂളിമരന്ദമുണ്ടിതാ
കളിയാടുന്നിതു പൂക്കൾതോറമേ;
ചലവായുവുലച്ചു തണ്ടലർ-
ക്കുലമാടുന്നു മനോവിനോദനം! 2

മലരും പല പായലും കല-
ർന്നലയില്ലാതെഴുമിസ്സരോവരം,
ജലദങ്ങളൊടൊത്തു താരകാ-
വലിചിന്നും ഗഗനത്തിനൊപ്പമാം. 3

പരമീപ്രകൃതിപ്രഭാവമേ-
തൊരുവൻ തീരമണഞ്ഞു കണ്ടിടൻ,
കരളും നയനങ്ങളും കുളു-
ർത്തമരുന്നു ഭുവി ഭാഗ്യവാനവൻ! 4

വിദ്വാൻ കെ. എസ്സ്. എഴുത്തച്ഛൻ.

## ൩൮. മാമ്പഴം.

അങ്കണത്തൈത്തൈമാവിൽനിന്നാദ്യത്തെപ്പഴം വീഴ്കെ
യമ്മതൻ നേത്രത്തിൽനിന്നുതിൎന്നു ചുടുബാഷ്പം;
നാലുമാസത്തിൻമുമ്പിലേറെനാഠം കൊതിച്ചിട്ടി-
ബ്ബാലമാകന്ദംപൂവിട്ടുണ്ണികഠം വിരിയുമ്പോഠം,
അമ്മതൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ചപോ-
ലമ്മലർച്ചെണ്ടൊന്നൊടിച്ചാഹ്ലാദിച്ചടുത്തെത്തി.
ചൊടിച്ചു മാതാവപ്പോ;"ളുണ്ണികഠം വിരിഞ്ഞ പൂ,
വൊടിച്ചുകളഞ്ഞല്ലോ കുസൃതിക്കുരുന്നേ നീ.
മാങ്കനി വീഴുന്നേരമോടിച്ചെന്നെടുക്കേണ്ടോൻ
പൂങ്കുലതല്ലുന്നതു തല്ലുകൊള്ളാഞ്ഞിട്ടല്ലേ?"
പൈതലിൻ ഭാവംമാറി വദനാംബുജംവാടി
കൈതവംകാണാക്കണ്ണു കണ്ണുനീർത്തടാകമായ്.
മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ലെന്നവൻ
മാൺപെഴും മലർക്കുല യെറിഞ്ഞു വെറും മണ്ണിൽ.
വാക്കുകഠം കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ
ദീൎഘദശ്നംചെയ്യും ദൈവജ്ഞരല്ലോ നിങ്ങഠം.
തുംഗമാം മീനച്ചൂടാൽത്തൈത്തൈമാവിൻ മരതക-
ക്കിങ്കിണി സൌഗന്ധികസ്വൎണ്ണമായ്ത്തീരുംമുമ്പേ,

മാങ്കനി വീഴാൻ കാത്തുനില്ക്കാതെ, മാതാവിന്റെ
പൂങ്കുയിൽ കൂടുവിട്ടു പരലോകത്തെപ്പൂകി.

അങ്കണത്തെത്തെമാവിൽനിന്നാദ്യത്തെപ്പഴംവീഴ്കെ-
യമ്മതൻ നേത്രത്തിൽനിന്നുതിന്നു ചുടുകണ്ണീർ.
വാനവക്കോരോമലായ്പ്പാരിനെക്കുറിച്ചു,ദാ-
സീനനായ് ക്രീഡാരസലീനനായവൻവാഴ്കെ,
അയൽവക്കത്തെക്കൊച്ചു കുട്ടികളുത്സാഹത്തോ-
ടവർതൻ മാവിൻചോട്ടിൽകളിവീടുണ്ടാക്കുന്നു;
പൂവാലനണ്ണാക്കണ്ണാ മാമ്പഴം തരികെന്നും-
പൂവാളും കൊതിയോടെ വിളിച്ചു പാടീടുന്നു.
വാസന്തമഹോത്സവമാണവർക്കു;ന്നാലവൾ
ക്കാഹന്ത കണ്ണീരിനാലന്ധമാം വർഷാകാലം.
പരിതോനിസ്പന്ദയായ് തെല്ലിട നിന്നിട്ടു തൻ
ദുരിതഫലംപോലുള്ളപ്പഴമെടുത്തവൾ,
തന്നുണ്ണിക്കിടാവിന്റെ താരുടൽ മറചെയ്ത
മണ്ണിൽത്താൻ നിക്ഷേപിച്ചു മന്ദമായേവംചൊന്നാൾ.
"ഉണ്ണിക്കൈയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻവേണ്ടി
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ.
നീരസം ഭാവിച്ചു നീ പോയിതെങ്കിലും കുഞ്ഞേ
നീയിതു നുകർന്നാലേയമ്മയ്ക്കു സുഖമാവൂ.

പിണങ്ങിപ്പോയീടിലും പിന്നെ ഞാൻവിളിക്കുമ്പോഴും
കുണുങ്ങിക്കുണുങ്ങി നീയണ്ണുവാൻ വരാറില്ലേ?
വരിക കണ്ണാൽകാണാൻ വയ്യാത്തോരെൻ കണ്ണനേ
തരസാ ഭുജിച്ചാലും തായതൻ നൈവേദ്യം നീ!"

ഒരു തൈക്കുളിർകാററായരികത്തണഞ്ഞപ്പോ-
ളരുമക്കുഞ്ഞിൻ പ്രാണനമ്മയെയാശ്ലേഷിച്ചു!

വൈലോപ്പിള്ളിൽ ശ്രീധരമേനോൻ, ബി. എ.

---

## ൧൯. ദത്തപുത്രൻ.

അപ്പുമാനിംഗ്ലണ്ടിൽനിന്നിന്ത്യയെ നിയന്ത്രിപ്പാൻ
കൽപ്പന കിട്ടിപ്പോന്ന കുതിരപ്പടയാളി;
അങ്കുരിച്ചിട്ടില്ലന്നു താരുണ്യ;മാരോഗ്യത്തിൻ
കുങ്കുമം ചിന്നും വെള്ളപ്പൂവിതൾക്കവിൾത്തട്ടിൽ.
കപ്പൽവിട്ടിറങ്ങിത്തൻ നായയെക്കയ്യിൽത്താങ്ങി-
യത്ഭുതം മഹർഷിനാടാദ്യമായ് സ്പർശിക്കവെ,
കല്യമാമേതോശക്തികല്ലോലമേററിട്ടാവാം
പൊള്ളുമാ വെയിലത്തും പുളകം പൂണ്ടു ഹ്രന്നൻ!
കാലമാവിധംപോയി യുദ്ധാശപമേറി,ക്കാല്യ
വേളയിൽ പ്രൌഢംപടത്താവളമുററത്തായാൾ,
എതിരെസ്സലാംചെയ്യും നാട്ടുപട്ടാളത്തെത്തൻ
കുതിരച്ചമ്മട്ടിയാൽപ്പോർമുറ പഠിപ്പിക്കെ,
ചെന്നൊത്തുമൊരുസൂക്തം തൻചെവിയ്ക്കിൽസശ്രദ്ധം
"തന്നത്താൻ നിയന്ത്രിപ്പാൻ, ജയിക്കാൻ പഠിക്കു നീ!"
കൂട്ടുകാരൊത്തുധീരൻ കാനനാന്തരങ്ങളിൽ
കാട്ടുപന്നിയെത്തേടി നായാടി നടക്കുമ്പോൾ,
ഉച്ചലൽപ്പുണ്യാശ്രമ വൃക്ഷമോരോന്നും ചൊല്ലി
"സച്ചിദാനന്ദത്തിനെ നായാടിപ്പോയാലും നീ!"

അക്കാലം നയിച്ചപോലവരൊപ്പടിഞ്ഞാറ്റേ-
ക്കുൽക്രാന്തമഹായുദ്ധകാഹളാഹ്വാനധ്വാനം.
ബന്ധനസ്ഥനായ്ത്തീൎന്നു തുൎക്കിയിൽത്തുറുങ്കിന്റെ-
യന്ധകാരത്തിൽസ്സാധു കൊളുത്തീ ശമദീപം.
പറയുന്നതു കേൾക്കായ് പ്രാൎത്ഥനാമണിനാദം
"തിരയൂ തിരയൂ നീ ബന്ധമോചനസൂത്രം"
പിന്തിരിച്ചെത്തീ വീണ്ടും മുക്തനായവൻ, ചിന്താ
സിന്ധുവിൻ തിരമാല തഴുകുമൂഷിട്ടുവിൽ.
നടന്നു ശാന്തൻമന്ദമൊന്നുപോൽശ്ശവങ്ങളും
നരപൂക്കളും തങ്ങും ഗംഗതൻ വക്കത്തൂടെ,
തത്രകാണായി യോഗനിദ്രയിൽ സ്ഥിതിചെയ്യും,
അൎദ്ധനഗ്നനായോരു കേവലസന്യാസിയെ.
തൻകരം കൂപ്പിച്ചൊന്നാൻ നമ്രശീൎഷനായ്പ്പാന്ഥൻ
മൽഗ്ഗുരോ സാക്ഷാന്മോക്ഷമാൎഗ്ഗത്തെ ബോധിച്ചാലും."
സാന്ധ്യകാലമായ്, കാവിപ്പൂന്തുകിൽ ചുററിക്കൊണ്ടായ്;
ശാന്തസുന്ദരധൌത പൎവ്വതശിഖരങ്ങൾ.
സാനുവിൽത്തമാലത്തിൻ മൂലത്തിൽ പരാപര-
ധ്യാനനിശ്ചലനായിത്തപിച്ചു മുനിശിഷ്യൻ,
വിടപാഗ്രത്തിൽപ്പാടി പൈങ്കിളി ഞാനിമുട്ട
വിടരാനിനിക്കൂട്ടിലെത്ര കാത്തിരിക്കേണ്ടു!"

മാതൃഭൂമി: "ശ്രീ"

## ൨൦. രണ്ടു കുട്ടികൾ.

പൂവരത്താവോളമന്തിയടുത്തപ്പോൾ
പോവുകയാണവർ വീട്ടിലേയ്ക്കായ്;
പൊൻകുളുർപ്പൂക്കളുൾത്തിങ്ങിയ കൊട്ടയൊ-
ന്നൊക്കത്തുവെച്ചുച്ചെറുപെൺപൈതൽ,
പിൻതുടർന്നെത്തുമനുജനോടെന്തൊന്നോ,
മന്ത്രിച്ചു പുഞ്ചിരിക്കൊൾകയത്രെ!
ബാലന്റെ കയ്യിലും കാൺമൂ കളിക്കോലും
നാലഞ്ചഴകുററ പുഷ്പങ്ങളും.
അങ്ങാരികൈത്തളിർച്ചാർത്തും ചുമന്നിട്ടു
പൊങ്ങുന്നു മേൽപ്പോട്ടു തൈമരങ്ങൾ;
പൊന്നൊളിയുംനേടിക്കൊച്ചുകുയിലുകൾ,
മന്ദമായ് പൊങ്ങുന്നു വാനിലൂടെ.
പാറിക്കളിച്ചു തളർന്ന ശലഭങ്ങൾ
ചാരുന്നു പച്ചപ്പുൽത്തണ്ടുകളിൽ;
കാൽവെയ്ക്കുന്തോറും വികസിച്ചു നിൽക്കുന്നി-
താവഴിവക്കത്തസംഖ്യം പൂക്കൾ!
പാരംവിരിഞ്ഞ മിഴികളാലിവക
യോരോന്നവർനോക്കിക്കാണുകയാവാം.

ഉന്നുന്നിതാ മൃദുമേനി പുണരുവാൻ
മുന്നോട്ടു കൈനീട്ടിസ്സാന്ധ്യരശ്മി;
ചിന്നിക്കിടക്കും മുടിപ്പൊൻ ചുരുൾകളെ-
ച്ചെന്നു തലോടുന്നു മന്ദാനിലൻ;
എൻ കരളാവട്ടെ; വെമ്പുന്നു പേർത്തുമ-
ച്ചെങ്കവിൾക്കുമ്പുകളുമ്മവെയ്ക്കാൻ!!

## ൨൭. ആൎഷഭൂമിയുടെ ആത്മാവ്.

നീററിലെത്താമരപോലെയാം ഭാരത-
നാട്ടിലെ ഞങ്ങൾതന്നന്തരംഗം.
തങ്കത്തിലാററാടി,സ്സംസാരകല്ലോല-
രംഗത്തിൽക്കൂത്താടി നില്ക്കുമ്പോഴും,
ആ ഹന്ത! കൂമ്പുന്നു ഞങ്ങൾതന്മാനസ-
മാനന്ദരൂപത്തെയാരാധിപ്പാൻ!
കൈവന്നതെങ്ങിനെ, ഭാരതഭൂവിനി-
ക്കൈവല്യധ്യാനനിൎല്ലീന ചിത്തം?
സന്താപമേശാത്ത സാമ്രാജ്യം നേട്ടവാൻ
ചിന്താപഥത്തിലിറങ്ങി ബുദ്ധൻ;
വന്യദ്രുമൂലത്തിലെന്നോണം വാണപോൽ
സ്വൎണ്ണക്കുടക്കീഴിൽ മൈഥിലേശൻ.
ഗൎഭിണിയായ് മണികുംഭാഭിഷിക്തനാം
തൽപ്രിയനൊന്നിച്ചു വാണ നാളും
സീതയ്ക്കൊരാഗ്രഹം വീണ്ടും തപോവന-
സീമനി രാമനോടൊത്തു ചെല്ലാൻ!
പൈതന്നെയോൎക്കാതെ പാവങ്ങളൊന്നിച്ചു
ചൈതന്യൻ, ഭക്തിവിജ്ഞാനധന്യൻ

കാളിന്ദീതീരത്തിൻ കർപ്പൂരപൂരത്തിൽ-
ക്കാർവ്വർണ്ണഗാഥകൾ പാടിയാടി,
ബ്രഹ്മാനന്ദമൂർച്ഛയെ പ്രാപിച്ചു വണ്ടുപോൽ-
ഗ്ഗോവിന്ദപാദസരോരുഹത്തിൽ;
നേരിട്ടു കണ്ടപോൽ മുണ്ടുനെയ്യുന്നവൻ
നേരറ്റോരംബരം നെയ്യുവനെ;
ഹീനനാം നന്തനാർക്കുടിയുമാദ്യന്ത-
ഹീനമായുള്ളതിൻ വേർതിരിഞ്ഞോൻ;
യോഗദണ്ഡൂന്നുന്ന പേരാലുപോലുമീ
യോഗിമാർ നാട്ടിൽത്തപസ്സു ചെയ്വാൻ;
മറ്റെങ്ങു കാണുമീബ്ഭൌതികവിസ്മൃതി-
യുൾത്തിങ്ങിവാഴ്ക്കുമീയന്തർമുഖത്വം!

മായാത്ത കാഞ്ചനമാനിനെ നായാടി
നായാടിച്ചുറ്റി നടക്കുമീ ഞാൻ
താരകപ്പൂനിര തിങ്ങീടുമല്ലിലോ
ശാരദകാനനം പൂകിടുമ്പോൾ
ഹാ! പലപ്പോഴുമെൻ ചേതസി പൂർവ്വിക-
താപസചൈതന്യമുച്ചലിപ്പൂ.
നീറ്റിലും വെള്ളിനിലാവിലും തൈമണി-
ക്കാറ്റിലും താരകശ്രേണിയിലും,

എന്തിലും വ്യാപിച്ചെന്നാത്മാവു പുല്കുന്നി-
തെന്തിനും മീതെയായുള്ളതിനെ.
വാക്കുകൾകൊണ്ടു ഞാൻ വൎണ്ണിപ്പതെങ്ങിനെ
യോൎക്കുവാൻ വയ്യാത്തൊരാമൃഗ്രത്തം!

*　　　*　　　*　　　*

വിജ്ഞാനതീൎത്ഥങ്ങളാടുമാറുണ്ടു ഞാൻ
വിഖ്യാതപുണ്യസ്ഥലങ്ങൾതോറും.
ചെമ്പനിനീരലൎത്തോട്ടമാം പേൎസ്യയി-
ലെന്മനമൊന്നു ചെന്നെത്തിനോക്കി;
മുന്തിരിവള്ളിതൻ മൂലത്തിലങ്ങൊരു
സുന്ദരിപ്പെണ്ണായ് സരസ്വതിയാൾ,
'ഓമാറി'ൻ ജീവിതദാഹം വളൎത്തുവാൻ
പ്രേമമധുരമധു കൊടുപ്പൂ.
ചൊല്ലെഴും ഗ്രീസിലെ പച്ചമരതക-
പ്പുല്ലണി മൈതാനപുണ്യഭൂവിൽ
നൎത്തനമാടീടുമാട്ടിടയൎക്കൊരു
നൽക്കളിത്തോഴിയായ് കാവ്യലക്ഷ്മി.
പൂഞ്ചോലവക്കത്തിരുന്നു മുഴക്കുന്നു
തേൻചോരുമോടക്കുഴൽവിളികൾ.
ആംഗലഭൂമിയിൽ വാഗ്ദേവി വാസന്ത-
പ്പൂങ്കുലച്ചാൎത്തും പിഴിഞ്ഞുവാറി

പുഞ്ചിരിത്തുമയായ്പ്പാവങ്ങൾക്കേകിയി-
ട്ടഞ്ചിതമാക്കുന്നു ജീവിതങ്ങൾ.
നല്ലതു കാണുന്നിതായവളെന്തിലും-
കല്ലിലും കാണുന്നു തത്വരത്നം.
സംഗീതം മാത്രമാം പൈങ്കിളിയൊന്നിച്ചു
പൊങ്ങി വിയത്തിലലിയുമ്പോഴും
ചൊല്ലുമേ മാനവവൈഭവകീർത്തന-
പല്ലവി തന്നെയപ്പല്ലവാംഗി.

കാണിപ്പു മർത്ത്യനിൽമേലെയായൊന്നിനെ-
ദ്ധ്യാനിപ്പു ഭാരതഭാരതിയാൾ.
മണ്ണിനെ വിട്ടവൾ പോകുന്നു തേടുന്നു
വിണ്ണിലും മീതെയാം നിത്യലോകം.
ഞങ്ങൾതൻ ചിന്താസരിത്തുകൾ മായയാം
വൻകടൽ വിട്ടു മേലോട്ടു പോയി
സന്തതദ്ധ്യാനപരായണപവ്വത-
പംക്തികൾ പുക്കു വിശ്രാന്തികൊൾവൂ.
മാനോട്ടം പാവന കാനനവീഥികൾ;
വാനോട്ടു മന്ത്രിപ്പൂ വന്മലകൾ!
അങ്ങു പോയ് ദീർഘസമാധിയിലാഴുവാൻ
ഞങ്ങൾ തന്നുള്ളുകൾ തുള്ളീടുന്നു.

ഏകാന്തയാമിനി നിർമ്മലനീലമാ-
മാകാശഭിത്തിയിൽ വീണ്ടും വീണ്ടും
ശാരദമേഘത്താൽച്ചിത്രീകരിക്കുന്നു
ചാരുഹിമാലയശൈലരൂപം.
ഭാവനാശക്തിയാൽ ഞങ്ങളങ്ങെത്തുന്നു
കേവലയോഗസമാധിയേല്പാൻ;
ആ യോഗനിദ്രയെ നിദ്രയെന്നോതട്ടേ
പ്രായോഗികത്വം പുലർത്തിടുന്നോർ!
ഹാ! നിത്യലോകത്തിന്നാതിത്ഥ്യമേല്ക്കുന്നി-
താനിദ്രയാലേയുണർന്നു ഞങ്ങൾ.
പാഴ്മറ നീക്കിയോൻ, മാമറ നീന്തിയോൻ,
പാടുന്നു സാധു കബീരദാസൻ:
"സേവകാ, പോകൊല്ല പോകൊല്ല മായതൻ
പൂവുകൾ തേടി നീ പൂവനത്തിൽ!
എന്നുമേ വാടാതേ നിന്നകത്തുണ്ടൊരു
സുന്ദരോദാരമാം സൂനവാടി:
ആയിരമല്ലികളുള്ളോരു കോമള-
ത്താമരയുണ്ടതിൻ നേർനടുവിൽ.
അപ്പൂവിലൂറന്നോരാനന്ദമാധ്വിപോ-
ലിബ്ഭൂവിൽ മാധുര്യം വേറെയുണ്ടോ?"

വൈലോപ്പിള്ളിൽ ശ്രീധരമേനോൻ, ബി. ഏ.

## ൧൧. വിശ്വഹൃദയം.

വന്ദനം ശാശ്വതവിശ്വഹൃദയമേ
സുന്ദരഭീകരമൌലികതത്വമേ!

കാലം പിറന്നിതു താവകസ്പന്ദനം
മൂലം നവനവോന്മേഷസ്വഭാവമേ!
നിർഭരാനന്ദവിജൃംഭിതമാകിയ
നിൻെറയപാരതയിങ്കലനന്തരം,
ലോലം സ്ഫുരിച്ചപോലവ്യക്തസങ്കല്പ-
ജാലമാമുജ്ജ്വല"ശുക്ലപടലികൾ."
ദിവ്യമവതാൻ വിഭക്തമായ് വ്യക്തമായ്
നവ്യപ്രപഞ്ചങ്ങളായി വളൎന്നപോൽ.
ലോകഗോളങ്ങൾ മഹാസത്വമേ ഭവ-
ദേകവിചാരഘടകങ്ങളല്ലയോ?
ആകൎഷണമെന്നു ചൊൽവതീയാശയ-
ഭാഗങ്ങൾതൻ നിത്യസംബന്ധമായ്വരാം.
നിങ്കലുദിക്കുന്നു, നില്ക്കുന്നു, മായുന്നു
സങ്കല്പമോരോന്നു,വയിലൊന്നായ ഞാൻ
സന്തതം കോൾമയിൎക്കൊണ്ടുപോകുന്നു നിൻ
ചിന്തകൾ കണ്ടുകണ്ടാർദ്രനയനനായ്,

നിൻെറ രക്തോഷ്മാവുയരുന്ന സൂൎയ്യനും,
നിൻെറ സന്തോഷം തിളങ്ങുന്ന തിങ്കളും;
നിൻെറ വികാസസങ്കോചങ്ങളോടൊത്തു
നിത്യം വിടൎന്നു കൂമ്പീടുന്ന പൂക്കളും,
താവകസങ്കല്പഭേദങ്ങൾ—ഭാവൽക-
പാവനസൌന്ദൎയ്യനിൎവ്യാജരേഖകൾ.
ഘോരദാരിദ്ര്യവും ഘോരരോഗങ്ങളും
ഘോരയുദ്ധങ്ങളും നിൻെറ കിനാവുകൾ;
നിന്മനോരാജ്യസൌഭാഗ്യമറിയുന്ന
ജന്മമേ ജന്മം; നമസ്കരിക്കുന്നു ഞാൻ.

വന്ദനം ശാശ്വതവിശ്വഹൃദയമേ
വന്ദനം സൎഗ്ഗസ്ഥിതിലയലീലമേ!

ജി. ശങ്കരക്കുറുപ്പു.

## ൧൩. വിട്ടയയ്ക്കുക!

ലക്ഷ്മീദേവി:—

വിട്ടയച്ചാലും കരിങ്കന്മതിലുകൾ
പറെറച്ചുഴലുമിക്കോട്ടയിൽനിന്നു നീ!

ഹന്ത ഞാൻ കാറം വെളിച്ചവും തട്ടാതെന്താ—
രന്തഃപുരത്തിൽച്ചിരകാലബദ്ധയാം!
ഉള്ളമറച്ചുവെച്ചങ്ങിനെ നില്ക്കണം
ദുഷ്പ്രഭുത്വത്തിൻെറ കാമപൂർത്തിക്കു ഞാൻ!
അത്തലിന്നന്ധകാരപ്പെരുംകോട്ടയി-
ലെത്ര ശതാബ്ദങ്ങളെണ്ണിക്കഴിച്ചു ഞാൻ,
ഭ്രഷ്ടപ്രഭുത്വമേ, വീർപ്പുമുട്ടുന്നു ഹാ,
വിട്ടയച്ചാലും ഇരുട്ടിൽനിന്നെന്നെ നീ!
പൊന്തിപ്പതയുന്ന പുഞ്ചിരിച്ചാർത്തിനാൽ
മന്ദിരിച്ചാറു പകർന്നു കൊടുക്കുവാൻ,
ഹന്ത മാമൂലിറു പൊൻകാൽച്ചിലമ്പൊലി—
കൊണ്ടു വിജയസ്തുതികളപ്പിക്കുവാൻ,
ഉന്നതരത്നതല്പത്തിൽ ശയനമാ-
മുൽഫുല്ലകാഞ്ചനസൂനം വിരിക്കുവാൻ,
ആവില്ല നില്ക്കുവാനാവില്ലെനിക്കിനി-
ക്കോവിലകത്തു വിടുപണിക്കാരിയായ്!

വയ്യിനി മാമൂൽ"പ്പെരുക്കാല്യ" ഭേസുമീ
ഉഗ്രഭൂതപ്രേതത്തിന്റെ പാദം തലോടുവാൻ!
ഗ്രാമീണപർണ്ണകുടീരങ്ങളാണു ഞാൻ
കാമിപ്പതങ്ങു താൻ, വിട്ടയച്ചേക്കുക,
ക്രൂരനിയമങ്ങൾ കാവലായ് നില്ക്കുമീ-
ഘോരത്തമാം സ്വാർത്ഥകാമത്തിന്റെ ദാസിയെ!

൨.

ഗ്രാമത്തിലെക്കുടിലൊന്നിലങ്ങെന്നെയും-
കാണാതഴലാർന്നിരിപ്പു മൽക്കാമുകൻ:
അച്ചളിപ്പാടമലിഞ്ഞു സമ്മാനിച്ച-
കസ്തൂരി തന്മെയ്യിലെങ്ങുമണിഞ്ഞവൻ;
മൊട്ടപ്പറമ്പിലുമെൻനൃത്തകേളിക്കു
പട്ടണിമാമരപ്പന്തലു തീർപ്പവൻ;
പൊൻകതിർത്തൂലികകൊണ്ടു മദ്രൂപത്തെ,-
യൊട്ടൊട്ടു ചിത്രീകരിച്ചാശ്വസിപ്പവൻ.
പച്ചപിടിച്ചോരക്കുന്നിൻ ചെരുവിലെ-
ക്കൊച്ചു മാകന്ദക്കുടയുടെ കീഴിലായ്,
ഞാറണിഞ്ഞ വയലു തൻ വക്കിലായ്-
ക്കാത്തുനിൽപ്പുണ്ടാക്കൃഷീവല കാമുകൻ!
കട്ടനാളായ വിരഹതാപങ്ങളാ-
ലൊട്ടിച്ചടച്ചുള്ള ശുഷ്കഗാത്രത്തോടും!

ഹാ, മൽസ്സമാഗമസൌഖ്യകേദാരത്തിൽ
പാകികഴിഞ്ഞുപോയ്,സ്സങ്കല്പവിത്തുകൾ;
ആ യുവഭിക്ഷുതന്നത്യന്തദീനമാ-
മാഹ്വാനമെന്നെയലട്ടുന്നിതെപ്പൊഴും.
ശുദ്ധമായ്ത്തീരുന്നിതന്തരാത്മാവുമ-
ക്കർമ്മധീരൻതൻ വ്രതോപവാസങ്ങളാൽ!
മാമകസുസ്മിതത്തിന്നായ്ക്കൊതിയ്ക്കയാം
വേനലും വർഷവുമാരാധകനവൻ!
ഏററെയകിഞ്ചനനാണവനെങ്കിലും
പ്രേമപൂജയ്ക്കായ്സ്സമർപ്പിച്ചു സർവ്വവും!

കാഞ്ചനച്ചെങ്കോലരചനു നല്കിയ-
ക്കാലിമേയ്ക്കുംകോലു തൻകയ്യിലേന്തിയോൻ;
തൻഗൃഹം — തൻനാട,രചനു നല്കിയ-
ക്കുന്നിൻചെരുവിൽത്തപസ്സനുഷ്ഠിപ്പവൻ!
ലോഹങ്ങളാൽത്തീർത്തതല്ലെൻ കരൾത്തടം;
മോഹപ്രഭുതതൻ പാവയുമല്ല ഞാൻ;
ഓക്കാ,തൊഴുകപ്പെട്ടമിന്നുതന്നെ ഞാൻ
മൽക്കാമുകൻെറ ചുട്ടമിഴീനീരിനാൽ!
നിൻകുററമൊക്കെപ്പൊറുക്കാം — ഹൃദയാലു
നിർണ്ണയം ഞാൻ — മറക്കില്ല നിന്നക്രമം!"

പി. കുഞ്ഞിരാമൻനായർ.

## ൨൮. ബാലലീല.

ബാലാൎക്കനെത്തൊഴുത,മ്മ നിജ വീട്ടു-
വേലകൾക്കായിത്തിരിയ്ക്കും മുൻപേ,
ഒട്ടിടയ്ക്കൗത്സുക്യാൽ നോക്കുന്നു വാർമുററ-
ത്തോടിക്കളിയ്ക്കും തന്നോമനയെ.
പെട്ടന്നു ചൂഴവേ പൊൻവെയിൽപ്പട്ടു-
പ്പിട്ടു ചാഞ്ചാടുന്നു സൂക്ഷ്മാണുക്കൾ;
പേലവക്കൈ പൊക്കി,ച്ചേലുററ നൎത്തന-
ലീലയ്ക്കൊരുങ്ങുന്നു തൈവല്ലികൾ;
ഏതിനെന്നില്ലാതെ പാറി നടക്കുന്നി-
തന്തരീക്ഷത്തിങ്കൽപ്പൂമ്പാററകൾ;
ഇഷ്ട്യാ തൃണഭൂവിൽത്തുള്ളുന്നു മണ്ടുന്നു
കെട്ടഴിച്ചിട്ട പശുക്കിടാങ്ങൾ.
ഇമ്മഹാവിശ്വത്തിൻ ബാലവിനോദമി-
തമ്മയെക്കോൾമയിർക്കൊള്ളിയ്ക്കുന്നു.

"പൈതലിൻപൈങ്കൊഞ്ചൽ കേൾക്കാനിടയ്ക്കമ്മ
വാതില്ക്കൽച്ചെന്നു ചെവിയോൎക്കുന്നു.
തൽക്ഷണം 'കണ്ടാലും ഞങ്ങൾതൻ പാച്ചിലെ'-
ന്നുച്ചരിയ്ക്കുന്നു പുഴയലകൾ;
ഇക്കളിപ്പാട്ടം പുതുതെന്നു കൊഞ്ചുന്നു
പൂക്കുല നീട്ടി മരച്ചില്ലകൾ;

'നോക്കുകീ വാനാകെ സ്വർണ്ണമയമാണെ'-
ന്നുൽഘോഷിക്കുന്നു ചെറുകിളികൾ;
മാവിൻമുകളേറിജ്ജല്പിപ്പൂ 'ഞങ്ങൾക്കു
മെയ്‌വിരുതിത്രയുണ്ടെ'ന്നണ്ണാന്മാർ.
ഇമ്മഹാ വിശ്വത്തിൻ ബാലിശാലാപമി-
തമ്മയെപ്പുഞ്ചിരിക്കൊള്ളിക്കുന്നു.

ഉമ്മവെക്കുന്നതിന്നോ, മലിൻ ചാരത്തേ-
ക്കമ്മ തൊഴിൽനിർത്തി,പ്പാഞ്ഞെത്തുന്നു.
ലാളനാഭ്യർത്ഥിയായ്ച്ചെന്നു പിടിപ്പൂ, ത-
ച്ചേലാഞ്ചലത്തിന്മേൽ കൊച്ചുതെന്നൽ;
മുന്നോട്ടു ചാഞ്ഞു, കാൽ പുൽകുവാനുന്നുന്നു,
പിന്നിട്ടു പോകുന്ന പുൽക്കൊടികൾ;
പാടിക്കൊണ്ടാരാൽ വരുന്നു; തൊടാറായാ-
ലോടിയകലുന്നു കാർവണ്ടുകൾ;
കാൽകളിൽ നുള്ളിക്കലെശൽ കൂട്ടാൻ തരം-
കാത്തുഴറുന്നിതെറുമ്പുകളും.

എന്തിനെപ്പുൽകുവാ,നേതിനെച്ചുംബിക്കാൻ
മാതൃഹൃദയമേ, നീ വെമ്പുന്നു?
നിൻമുമ്പിലിപ്പോളരുമക്കിടാങ്ങളായ്
നില്ക്കുന്നു സർവ്വചരാചരവും."

ബി. എ.

---

## ൨൫. ശിശുപാഠം.

ദീനശയ്യയിൽക്കിടന്നമ്മാവൻ പറയുന്നു,
"ഞാനൊരു കാൎയ്യം ചൊല്ലാം മരിക്കുന്നതിൻമുമ്പേ.
മൂത്തവർ ചെയ്തിട്ടുള്ള മൂഢതയിന്നോക്കാല-
മാദ്യമാം ശിശുപാഠമാകട്ടേ നിങ്ങൾക്കെല്ലാം.

പട്ടുകോണവും പൊന്നിൻനൂലുമാ,യൊരു കൊച്ചു-
കുട്ടിയായ്ത്തുള്ളിച്ചാടി നടക്കും കാലംതന്നെ,
കൌതുകം കലൎന്നു ഞാൻ പഠിച്ചു ഭജനക്കു
കൈമണി കൊട്ടീടാനും, കീൎത്തനം ചൊല്ലീടാനും.
സന്ധ്യക്കു കുളിച്ചെത്തിബ്ഭസ്മരേഖകൾ ചാൎത്തി-
ച്ചന്തത്തിൽത്തിരുനാമം കൈമണി കൊട്ടിപ്പാടി,
തൂനിലവിളക്കത്തു തുമ്പിയെപ്പോലേ ചുററി-
ക്കാണികൾക്കുണ്ണിക്കൃഷ്ണനായി ഞാൻ നൃത്തം ചെയ്തു.
പഠിക്കാൻ കൂട്ടാക്കാതെ, പണിയാനറിയാതെ
മഠത്തിൽ സ്തോത്രം ചൊല്ലാൻമാത്രം ഞാൻ വശമാക്കി.

പുരയും പ്രാരബ്ധവും പുഞ്ചയുമെനിക്കേകി
പരലോകത്തെപ്പൂകീ മാതുലൻ മഹാസാധു.
ഇളകാതിരുന്നു ഞാനാമുതലെല്ലാം വെള്ളി-
മലരായ് നിവേദിച്ചു 'ഭരദൈവ'ത്തിൻ മുമ്പിൽ.

തീൎത്ഥവാരിയിൽക്കൊണ്ടു കലക്കി കുറെ ദ്രവ്യം,
ക്ഷേത്രസന്നിധാനത്തിൽക്കത്തിച്ചു കുറെ ദ്രവ്യം;
ബ്രാഹ്മണപിചണ്ഡത്തിൽ ക്ഷേപിച്ചു കുറെ ദ്രവ്യം
ഞാന്മറന്നുപോയെന്നാൽ നിങ്ങൾക്കു തണലേകാൻ.
അറിയില്ലാതെ കേഴുമാറവൎക്കന്നം നൽകാ,-
നറിവില്ലാതെ താഴും നിങ്ങളെപ്പഠിപ്പിക്കാൻ,
കഴിവില്ലാതെ മൂഴ്കും രോഗത്തെ നശിപ്പിക്കാൻ
കഴിവില്ലാതെ വന്നു; ഹാഹാ മോഹാന്ധൻ ഞാൻ!
ക്ഷുദ്രമാം വിശ്വാസത്തിൻ മയക്കത്തിൽനിന്നിപ്പോൾ
മൃത്യുവിൻ വിളികേട്ടിട്ടുണൎന്നേൻ കുഞ്ഞുങ്ങളേ.
രണ്ടു മാസമായ് ദീനശയ്യയിൽക്കിടന്നോരു
കണ്ടു ഞാൻ യാഥാൎത്ഥ്യത്തിൻ നഗ്നമാം സ്വരൂപത്തെ;
പരലോകത്തിൽപ്പുഞ്ച വാങ്ങുവാൻ പണത്തിന്നു
പുരയോടിളക്കുന്ന പുരുഷൻ മഹാഭോഷൻ!
ഭോഷനായ്ജ്ജീവിച്ചേറെജ്ജീവിതം കെടുത്തി ഞാ-
നീശനെദ്ദീപാൎച്ചനം ചെയ്തു ഞാൻ ദീപാളിയായ്.

വത്സരേ! ദുഃഖിക്കൊല്ലാ, നിങ്ങൾതൻ ദുരിതത്തി-
ന്നസ്സലായൊരു മരുന്നുപദേശിപ്പൻ, കേൾക്കൂ!
വെച്ചിരിക്കുന്നു ഭദ്രം തേവാരമുറിക്കുള്ളിൽ
പിച്ചളകെട്ടുള്ളോരു ശോണവൎണ്ണമാം പെട്ടി.

MUNAVVIR LIBRARY SCHOOL Date........ ERNAKULAM.

തൃപ്പതിഭഗവാനു വഴിപാടിട്ടിട്ടുണ്ടു
തൃപ്പദം ധ്യാനിച്ചതിൽപ്പണ്ടത്തെയമ്മാവന്മാർ.
ജന്മനാളുകൾതോറം കുളിച്ചു കുറിതൊട്ടു
നിർമ്മലവസ്ത്രം ചുററി വിളക്കത്തിരുന്നു ഞാൻ,
നിക്ഷേപിച്ചിടാറുണ്ടു നാണ്യങ്ങളപ്പെട്ടിയിൽ
വിശേഷശകാരുണ്യത്തിൻ വിത്തെന്ന ഭാവത്തോടെ.
പൊക്കുവാൻ പ്രയാസമാ;ണത്രമേലതിനുള്ളിൽ-
ത്തിക്കി വെച്ചിരിയ്ക്കുന്നു വെള്ളിയും തങ്കക്കാശും.
എന്നുടെ കാലം തീർന്നാലാമുതലെല്ലാമെടു-
ത്തുണ്ണുവിൻ, പഠിയ്ക്കുവിൻ, പ്രയത്നിക്കുവിൻ നിങ്ങൾ!
വന്നുപോം മഹാപാപമെന്നതിൽപ്പേടിയ്ക്കേണ്ട
പൊന്നു കാത്തിരിയ്ക്കുന്ന ദുർഭൂതമല്ലാ ദൈവം!
ജീവിപ്പിൻ സമ്പൂർണ്ണമായ്, ശക്തിയായ്, നമ്മെ
കൊണ്ടി-
ന്നാ വിശ്വശില്പിയ്ക്കുതാണാവശ്യം പ്രപഞ്ചത്തിൽ."

## ൧൩. അന്തിമരംഗം.

കാലം പിന്നെയുംകഴിഞ്ഞു, കഥകൾനിറഞ്ഞ മാസം
നാലുപോയി, നഭസ്സിൽ കാറൊഴിയാറായി,
പാലപൂത്തു, പരിമളം ചുമന്നു, ശുദ്ധമാം പുലർ-
കാലവായു കുളുത്തെങ്ങും ചരിക്കയായി.

അഴകോടന്നഗരത്തിൻ തെക്കു കിഴക്കേതു വഴി-
യൊഴുകും യമുനതൻറെ പുളിനംകാൺമൂ,
ഇളമഞ്ഞവെയിൽതട്ടി നിറംമാറി നീലവിണ്ണിൽ
വിളങ്ങുന്ന വെൺമുകിലിൻ നിരകണക്കേ.
ജനരഹിതമാം മേലേക്കരയിലങ്ങിങ്ങു കരും-
പനയും പാറയും പുറം പാഴ്ച്ചെടികളും,
വെളിയിടങ്ങളും വാഴ്ക്കും സ്ഥലംകാണാം; ശൂന്യതയ്ക്കു
കളിപ്പാനൊരുക്കിയിട്ട കളംകണക്കേ.
നെടിയശാഖകൾ വിണ്ണിൽ നിവന്നുമുട്ടിയിലയും
വിടപങ്ങളും ചുരുങ്ങി വികൃതമായി!
നടുവിലങ്ങു നിൽക്കുന്നു വലിയോരശ്വത്ഥം, മൂത്തു
തടികൾതേഞ്ഞും തൊലികൾ പൊതിഞ്ഞുവീർത്തും.
ചടുലദലങ്ങളിലും ശൃംഗഭാഗത്തിലും, വെയിൽ
തടവിച്ചുവന്നു കാററിലിളകി മെല്ലെ,

തടിയനരയാലതു തലയിൽ തീകാളും നെടും-
ചുടലബ്ഭൂതംകണക്കേ ചലിച്ചുനിൽപ്പൂ;
അടിയിലതിൻചുവട്ടിലധികം പഴക്കമൊട്ടു-
ള്ളുടഞ്ഞുംപൊളിഞ്ഞുമുണ്ടൊരാൽത്തറചുററും.
ഇടുങ്ങിയ മാളങ്ങളിലിഴഞ്ഞേറും പാമ്പുകൾപോൽ
വിടവുതോറും പിണഞ്ഞ വേരുകളോടും.
പാറന്നടിഞ്ഞരയാലിൻ പഴുത്ത പത്രങ്ങളൊട്ടു
നിറംമങ്ങി നിലംപററിക്കിടപ്പുനീളേ;
ഉറമ്പിഴയ്ക്കുമരിയുമുണങ്ങിയ പൂവും ദർ-
ഭ്മുറിത്തുമ്പും മററുംചേർന്നു ചിതറിച്ചിന്നി.

അകലത്തൊരു മൂലയിൽ കെടുന്ന കനലിൽനിന്നു
പുകവല്ലി പൊങ്ങിക്കാററിൽ പടർന്നേറുന്നു.
ചികഞ്ഞെടുത്തെന്തോ ചില ദിക്കിൽനിന്നു ശാപ്പിടുന്നു
പകലെന്നോക്കാതെ കൂററൻ കുറുനരികൾ.
കറിയോരങ്കുശംപോലെ കൂർത്തുവളഞ്ഞുള്ള കൊക്കു
നിറയെക്കൊത്തിവലിച്ചും നഖമൂന്നിയും,
ഇരയെടുക്കുന്നു പെരുങ്കഴുകുകൾ ചില ദിക്കിൽ
പരിഭ്രമിയാതിരുന്നു, ഭയങ്കരങ്ങൾ.
ഉടഞ്ഞ ശംഖുപോലെയും മുറിച്ചു മറിച്ചു വാഴ-
ത്തടപോലെയും തിളങ്ങുമസ്ഥിഖണ്ഡങ്ങൾ.

അവയവാശിഷ്ടങ്ങളായടിഞ്ഞു കിടക്കുന്നുണ്ടൊ-
ട്ടവിടവിടെ മാഞ്ഞും മായാതെയും.
അരയാൽത്തറവരെയും വടക്കുനിന്നെത്തുന്ന കാൽ-
പ്പെരുമാറാം കുറഞ്ഞ പാഴ്നടക്കാവിന്റെ,
പരിസരങ്ങളിൽ ഭസ്മപ്പൊത്തികൾ കാണുന്നു; ചുറ്റും
കരിക്കൊള്ളിയും കരിഞ്ഞ കട്ടയുമായി.
ഉടലെടുത്ത നരന്മാർക്കൊന്നുപോലെവർക്കും ഭോജ്യ,
മിടരററ പിതൃപൈതാമഹസമ്പ്രാപ്തം.
ഇടമിതിഹ ലോകത്തിൻ പരമാവധിയാണൊരു
ചുടുകാടാണതു ചൊല്ലാതറിയാമല്ലോ.

ആശാൻ.

## ൨൯. വസന്തകോകിലം.

പൂമധു തോല്ക്കും നിൻപാട്ടുകൾ കേട്ടു ഞാ-
നോമൽപ്പൂങ്കാവനത്തിങ്കയിലേ!
സഞ്ചരിച്ചീടുന്ന സംഗീതമാണോ നീ!
പഞ്ചമം പാടുന്ന പൈങ്കിളിയോ? 1

പച്ചപ്പുൽപ്പട്ടു നിലത്തു കിടന്നു നി-
ന്നുച്ചമാമൊച്ചകേട്ടാഹ്ലാദിച്ചു,
സാരസ്യമേറും നിൻ സംഗീതാലാപങ്ങൾ
ദൂരത്തും ചാരത്തുമൊപ്പം കേൾപ്പൂ. 2

ബാല ദിവാകര കാന്തിയേയും, പുഷ്പ-
ജാലങ്ങളേയും പുകഴ്ത്തീടുന്നോ?
കോകില ഗായക! പൊൻവീണക്കമ്പിയോ
കോമളകണ്ഠത്തിലെന്തു ചൊൽക? 3

നിസ്തുലരാഗമോ, ദൃശ്യമല്ലാത്തുള്ള
വസ്തുവോ നീയൊരു മായതാനോ?
ഗീതവിശാരദ! നീയൊരു പക്ഷിയായ്
ചേതസ്സിലേതുമേ തോന്നീലല്ലോ. 4

മാമക വിദ്യാൎത്ഥിജീവിതകാലത്തു-
മീമനോമോഹനഗാനം കേൾക്കെ,
മാമരക്കൊമ്പിലും മാനത്തും മറവം ഞാൻ
പ്രേമത്താൽ നോക്കി നിന്നീടുമല്ലോ. 5

വാസന്തിപ്പൂക്കൾതൻ വാസനാധോരണി
വാസംചെയ്യീടും വസന്തനാളിൽ,
രാഗം പൊഴിക്കുന്ന പൂങ്കുയിലേ! പൂൎണ്ണ-
സ്വാഗതം സൎവ്വദാ സ്വാഗതം തേ. 6

പള്ളത്തു രാമൻ

## ൨൮. സാഹിതിസപര്യ.

സാഹിത്യം സഹൃദയാഹ്ലാദകം ചരാചര-
സൌഹിത്യം വളർത്തുന്നൊരീശ്വരലാവണ്യമേ,
വിയത്തിലുദിയ്ക്കുന്ന ചന്ദ്രമണ്ഡലം, സ്ഫുട-
മയത്നമാഹ്ലാദിപ്പു സമുദ്രം തിരതല്ലി.
പുഷ്പങ്ങൾ വികസിപ്പു വല്ലികൾതോറും താനേ
ഷൾപദവൃന്ദം ക്ഷണിക്കാതങ്ങു പാഞ്ഞെത്തുന്നു.

"നവയൌവ്വനത്തിലെ ലാവണ്യരസാസ്വാദം
ഭുവനത്തിലെ സർവ്വജീവികൾക്കാനന്ദദം.
അവ്വണ്ണമകൃത്രിമ സൌന്ദര്യം നിറഞ്ഞെങ്ങും
സാർവ്വലൌകികമായിസ്സാഹിത്യം ജയിക്കുന്നു.
പ്രകൃതിദേവിക്കുള്ള സാഹിത്യചമൽകൃതി-
സ്വകൃതി കർത്താക്കളേ കാണുന്നു നഭസ്സിൽ നാം
രാവിൽ നാസ്തിക ഗ്രന്ഥം തിമിരം പരത്തുന്നു;
ദ്യോവിലെ നക്ഷത്രങ്ങളവയെ ഖണ്ഡിക്കുന്നു;
താരങ്ങൾ ഭിന്നഭിന്നം രശ്മിഗ്രന്ഥങ്ങൾ തീർക്കേ,
സാരമില്ലവയെന്നു തകർപ്പൂ തിമിരങ്ങൾ.

അത്ഭുതമവരണ്ടും ഭിന്നമെങ്കിലും, ചേർന്നു
പുഷ്പങ്ങളണിഞ്ഞുള്ള കേശമായ് നിൽപ്പൂ രാവിൽ.

തന്ത്രികൂടാതാ വാദഗ്രന്ഥങ്ങൾ പരക്കവേ
ചന്ദ്രനങ്ങുദിക്കയായാസ്തിക്യ പ്രകാശകൻ.
യാമിനിയിരുൾക്കേശം പിറകിൽത്തള്ളിത്തൻറെ
കോമളമുഖമായിക്കാണിച്ചു ചന്ദ്രബിംബം,
അമൃതദ്രവമെഴും കിരണ ഗ്രന്ഥങ്ങളെ
സമസ്തവസ്തു സത്താ പ്രതിപാദകങ്ങളെ
സമുദ്രം തൊട്ടു് മഹാപർവ്വതത്തോളം വെറം-
കൃമികീടങ്ങൾതൊട്ടു രാജാധിരാജനോളം,
വായിപ്പാൻ വകഭേദമില്ലാതെ കൊടുക്കുന്നു
സ്ഥായിപൂണ്ടവ നിത്യം വായിച്ചു രസിക്കുന്നു.
എങ്കിലും വൃക്ഷച്ചോടു, കാടുകൾ, കുഴികളും
സംഘം ചേൎന്നിരുൾപറ്റിക്കൂടുന്നു ബഹളങ്ങൾ.
വൎഗ്ഗവിദ്വേഷം മതവിദ്വേഷം വ്യക്തിദ്വേഷം
തക്കംനോക്കിയങ്ങിരുളവയിലുണ്ടാകുന്നു.
വിദ്രുതം മറയുന്നു നഭസ്സിൽ തൃപ്തരായി
അന്തേവാസിയാം ചന്ദ്രൻ തൻരശ്മിഗ്രന്ഥം രവി-
ക്കന്തികെസമൎപ്പിച്ചു ശാന്തമായി ഭജിക്കയായ്
സൎവ്വവുമജ്ഞാനത്തിൽ നാസ്തിയെന്നാക്കിവെച്ചു
ഗൎവ്വിഷ്ഠമന്ധകാരംതന്നെ നാസ്തിയായ് തദാ.
ബാലകന്മാരാം നമുക്കെപ്പോഴുമറിവിന്നിന്നായ്

കാലമാം പുസ്തകത്തെ വായിപ്പൂ സൂര്യദേവൻ
മുന്നൂററിയറുപത്തു ഭാഗങ്ങളോരോ ബുക്കിൽ-
നിന്നവ മാററി, മാററി വായിപ്പൂ യഥാക്രമം.
വാള്യങ്ങളസംഖ്യങ്ങളെത്രയോ തീൎന്നിരിക്കാം
വാള്യങ്ങൾ വായിക്കുവാനിനിയുമുണ്ടസംഖ്യം,
ഇന്നു നാം വായിക്കുന്നോരേട്ടിലെ കാൎയ്യമല്ല
ഇന്നലേ കഴിഞ്ഞതും നാളക്കു വരുന്നതും.
പുതുതായ്, പുതുതായി വിവിധ ചമൽക്കാരം
പൊതുവേയുണൎത്താനായ് പ്രകൃതി ശ്രമിക്കുന്നു.

ഋഷിമാരിവയെല്ലാം പണ്ടു കണ്ടഹോ തങ്ക-
മഷിയിൽ പകൎത്തിയ നല്ലുപനിഷത്തുകൾ
ഭാരത സാഹിത്യത്തിൻ നാരായവേരായവ
സാരമാം സൎവ്വഭൂത മൈത്രിതന്നാവുകൾ,
പൈതങ്ങൾ പണ്ടുപണ്ടേ,ങ്ങെത്രയോ നുകൎന്നിട്ടും
ചേതം പററാത്ത വേദ കാമധേനുസ്തനങ്ങൾ,
ഓജസ്സു,മാരോഗ്യവും, തേജസ്സും യശസ്സുമി-
ങ്ങാശിസ്സും തരും നല്ല പീയൂഷ കലശങ്ങൾ.

കട്ടമത്തു് കുന്നിയൂരു് കുഞ്ഞികൃഷ്ണക്കുറുപ്പു്.

## ൨൯. അവഗ്രഹം.

എന്തായിരിക്കാമിതു, ദുഷ്കൃതത്തിൻ
പ്രഭാവമോ? തീവ്രതരാതപത്തിൽ
എരിഞ്ഞു ലോകം ചുട്ടമാമ്പലാവാൻ
പോകുന്നു സംവത്സമട്ടത്തപോലെ. 1

മാത്താണ്ഡനീ മൃന്മയഗോള,മാത്മ-
മരീചിയാം ചങ്ങലയിൽ കുടുക്കി
കഷിക്കയോ? സേവകതാനിയുക്ത-
ഗോളാഢ്യതാരാപഥചക്രവത്തി. 2

അതല്ല, തേജോമയഗോളമാക്കി
മാറേറണ്ടതിന്നക്ക, നരു പ്രഭാവൻ
ജ്വാലാകലാപത്തിലെടുത്തുവെച്ചു
വേവിക്കയോ മൃന്മയപിണ്ഡമേവം. 3

ഗോളം ചലിക്കുന്നതിലുള്ള,നാദി-
വ്യവസ്ഥമാറിജ്ജഗദണ്ഡമിപ്പോൾ
സൂര്യന്നു നേക്കേറാമട്ടുകയാണോ?
കട്ടപ്പമേ! ചൂടിതഭൂതപൂവ്വം. 4

മറിഞ്ഞു കാലസ്ഥിതി, നാട്ടടച്ചു
പേമാരി പെയ്യേണ്ടൊരു വേളയിങ്കൽ,

ഇതാ ജഗന്മണ്ഡലമാകമാനം
ഘോരാതപോദ്ഭിന്നതയാർന്നിടുന്നു. 5

നമ്മൾക്കു വർഷാസമയം മുറയ്ക്കു
സംപ്രാപ്തമായെങ്കിലുമന്തരീക്ഷം,
അഹോ! മഴക്കുള്ളടയാളമെന്യേ
നക്ഷത്രമാലാകുലമുല്ലസിപ്പൂ! 6

കൃഷീവലന്മാരകതാരൊടൊപ്പം
നീറുന്ന പാടങ്ങളിൽ വിത്തു പാകി;
അവഗ്രഹത്താലതു വീണിടത്തു
ലയിപ്പു,വാഞ്ഛാ നിവഹത്തൊടൊപ്പം. 7

എരിഞ്ഞു നീറും ജലസഞ്ചയത്തിൻ
വിയർപ്പുനീർത്തുള്ളികൾ വീണു വീണു
പാടേ നനഞ്ഞീമലയാളരാജ്യം
ദ്രുതം നദീമാതൃകമായ്ഭവിക്കും. 8

പണ്ടംഗരാജ്യത്തുപജാതമാകു-
മവഗ്രഹത്തിൻ ദ്രുതനിഗ്രഹത്തിൽ
ഒരൃശ്യശൃംഗൻ ദയചെയ്തു, നമ്മൾ-
ക്കേതാണു മാലാറ്റുമൊരൃശ്യശൃംഗൻ? 9

കെ. സി. കുട്ട്യപ്പ നമ്പ്യാര്‍, കവിമണി.

## ൩൦. ഈശ്വരൻ.

(പാന)

മൃത്യു മുമ്പിലും, മർത്ത്യൻ പിറകിലും:
എത്തിയീശന്റെ മുന്നിലീ യാത്രികർ.
കാരുണികത വാർന്നിടും കണ്ണുകൾ
പൂരുഷനിലണച്ചോതിയീശ്വരൻ:
"ആർത്തനായ് രുജാപാത്രമായ് വാഴ്വു ഞാൻ,
മർത്ത്യ, നീയെന്നെ നോക്കാൻ വരാഞ്ഞതെന്തേ?"
ഓതി മാനുഷൻ: "തമ്പുരാനേ! ജഗ-
ത്താതനങ്ങു; ഞാനങ്ങയെ നോക്കയോ;"
ഈശ്വരൻ ചൊല്ലി: "നീ കണ്ടതില്ലയോ
നിസ്സഹായനായുള്ളോരു രോഗിയെ?
വസ്ത്രമില്ലാതെ ഭക്ഷണമില്ലാതെ,
ശുശ്രൂഷിപ്പാനൊരുത്തനുമില്ലാതെ,
ദീനനായവൻ വാണു; നിൻ ദൃഷ്ടിയാ-
ദ്ദൂനദേശത്തെദ്ദൂരവേ വർജ്ജിച്ചു;
അല്പമാശ്വാസമന്നവന്നേകുവാൻ,
അപ്പാവത്തിൻ മിഴിനീർ തുടയ്ക്കുവാൻ,
നീ കരമൊട്ടു നീട്ടിയെന്നാകിലോ
കാണുമായിരുന്നേനെ നരശിശോ,

കീറിയോരപ്പഴമ്പായിൽ നിന്നീശ-
നാകുമീ ഞാൻ കരുണം കിടപ്പതായ്!"

ലോകനായകൻ ചൊല്ലി: "ഹേ മാനുഷ!
ഞാനൊരുപിടിച്ചോറിന്നിരക്കവേ,
നിൻെറ വാതില്ക്കൽനിന്നു ഭഗ്നാശനായ്
നീ വെറുംകയ്യോടെന്നെയയച്ചില്ലേ!"

ഓതിനാൻ നരൻ: "തമ്പുരാനേ! ലോക-
താതനാങ്ങയ്ക്കു ഭിക്ഷ ഞാൻ നല്കിയോ!"

ഈശ്വരനരുളീടിനാൻ: "നിൻഗൃഹ-
പാശ്ചഭാഗത്തിലന്നൊരാറം വന്നീലേ?
ചട്ടിയൊന്നു വലംകയ്യിലേന്തിയു,-
മൊട്ടു കൂന്നു, വടിയൊന്നു കുത്തിയും.
അശ്രുവാർത്ത,വൻ നിന്നോടിരന്നല്ലോ
അല്പമന്നം കനിഞ്ഞു കൊടുക്കുവാൻ;
ആട്ടി നീ പുറത്തേക്കയച്ചീലയോ
പട്ടിണിത്തീയിൽ മേവുമസ്സാധുവെ,
അന്നമല്പം കൊടുപ്പാൻ ദയാപൂർവ്വ-
മന്നവന്നടുത്തെത്തി നീയെങ്കിലോ,
കാണുമക്കീറമുണ്ടിൽ, വടിയൊരു
കയ്യിലും ചട്ടി മറ്റേക്കരത്തിലും

എത്തിക്കുന്നു വിദ്യുന്മസ്സാധുവി-
ലോകനാഥനീ ഞാൻ നിന്നിടുന്നതായ്!"

നാഥനോതി: "ഞാൻ ദാഹാർത്തനാകവേ
നീ ജലമൊരിറ്റേകാതിരുന്നെന്തേ?"
മർത്ത്യൻ ചൊല്ലി: "യെൻ തമ്പുരാനേ! ജഗൽ-
ഭർത്താവങ്ങു; ഞാൻ വെള്ളം തരികയോ?"
ഉത്തരമീശനോതി:—"മദ്ധ്യാഹ്നത്തി-
ലുത്തൃഷാശുഷ്കമായ കണ്ഠത്തോടും,
പങ്കലിപ്തമുടുപ്പാർന്നൊരധ്വഗൻ
പണ്ടു വെള്ളത്തിനെത്തിലേ നിൻമുമ്പിൽ
തള്ളിയോടിച്ചു നിഷ്കൃപം നീ,യൊരു
തുള്ളിവെള്ളമിരന്നോരപ്പാവത്തെ,
ചണ്ഡമാം വെയിലേറ്റുളം തുളുമ്പുമാ-
നീണ്ട റോട്ടിൽക്കിടന്നു പൊരിയുവാൻ!
സാനുകമ്പനായ്പ്പാനീയമേകുവാ-
നാ നരനാടുത്തെത്തി നീയെങ്കിലോ,
കണ്ടിരുന്നേനെ, പാഴ്പ്പൊടിയാർന്നതാം
മുണ്ടുടുത്തു നില്ക്കുന്ന നിന്നീശനെ!"

(ഒ. റാനിൽനിന്ന്.)

NAVIRUL ISLAM L. S. SCHOOL. Date........... ERNAKULAM.

## ൩൭. രാജധമ്മം.

ഭുവനക്ഷേത്രം വലംവെച്ചുവാനെഴുന്നള്ളും
രവിയസ്സഹ്യന്നു വാർതങ്കപ്പൊട്ടിടും മുൻപേ,
വഞ്ചിഭൂരാജസ്ഥാനവീഥി മോഹനം ദേവൻ
വഞ്ചിപനെഴുന്നള്ളാനൊരുങ്ങിക്കിടപ്പായി.
വേണാടിൻ മണാളന്റെ കരുണാപരിവേഷം
കാണുവാനത്യാഹ്ലാദകൌതുകോത്തരളമായ്
രണ്ടുഭാഗത്തും മാറിനില്ക്കുന്നിതനങ്ങാതെ
മിണ്ടാതെ ഭക്ത്യാ പ്രജാനിവഹതരംഗിണി.

നിന്നുപോയ് പെട്ടെന്നതാ നൃപവാഹനം, ജനം
നിന്നുപോയ് പകച്ചിന്ദ്രജാലപ്പാവകൾപോലെ.
ധമ്മരാജാവിൻ തിരുമുമ്പിലായിരുകൈകൾ,
ധമ്മത്തിന്നൊരു പിച്ചപ്പാളയായ് നീണ്ടീടുന്നു: —
"വല്ലതും പിച്ചക്കാരന്നേകണേ! തിരുമേനി!
വല്ലായ്മതീക്കാ,മേഴ ചെമ്പുകാശരുളുകിൽ."

തിരുവുള്ളലിവേറും നൃപനക്ഷണമവ-
ന്നിരന്ന തജ്ജീവിതഭിക്ഷ തൃക്കയ്യാൽ നീട്ടി.

നീണ്ട കൈകളെയുടൻ പിൻവലിച്ചോതി ഭിക്ഷുഃ —
“വേണ്ടെനിയ്ക്കിതന്യന്റെ മുതലാണെങ്കിൽ പ്രഭോ.”

“പൊന്നുതൃക്കയ്യാൽ നാളെ സ്വന്തമാകിയ ഭിക്ഷ
തന്നടിയനെയനുഗ്രഹിപ്പാൻ കനിഞ്ഞാലും!”

പൊരുൾ തിങ്ങീടും മന്ദഹാസമൊന്നിനാൽ യാത്ര-
യരുളിപ്പോയാൻ ക്ഷേത്രദർശനത്തിന്നായ് നൃപൻ.

പിറ്റേന്നുമതേനേരത്തവിടെത്തന്നെ വന്നു
പാറിനില്ക്കയായ് സ്തോത്രാപോൽപ്പിച്ചക്കാരൻ;

ശ്രീവേണാട്ടടികൾ തൻ മഞ്ജുദ്രുമണിത്തേരു-
മാവഴിനടുക്കെത്തി നിന്നിതു മുന്നേപ്പോലെ.

ഏഴിനു പത്താണെട്ടെകിയതുടനാടി-
യേഴയാം പിച്ചക്കാരന്നൂഴി പാലകൻ ചക്രം.

“ആരുടേതായിട്ടിതു വാങ്ങുന്നമടിയനെ”
ന്നാനൃപന്നൊരു ചോദ്യം തൃക്കാഴ്ചവെച്ചാനവൻ.

“മാറാതമിതിന്നവകാശിയില്ലടോ, ഇതിനു-
നെററിവേർത്തുള്ളൊരുനീർതുള്ളി ന്തോകി ഞാൻ.

“ഇന്നലെ വിറകിന്നു മുട്ടികൾ വെട്ടിക്കൊട്ടു-
ത്തെന്നതിനാലൊരാഴ്ക്കാരോടേകിയ കൂലി,

ഇന്നിതാ തരുന്നു ഞാൻ നിനക്കായ് മുഴുവനു-
മെന്നുടെ ഗുരുവായൊരങ്ങേക്കു നമസ്കാരം!"

അപ്പോഴും ധർമ്മക്ഷ്മാദേവിതൻപതിയുത്രം-
തമ്പുരാൻ തിരുമേനിതൻ മണിത്തേരിൻനാദം

അനന്തനഗരശ്രീന്തപുരസ്പന്ദനം കണ-
ക്കനന്തസുരലോകവീഥിയും കുലക്കിപ്പോയ്.

ശാന്തമാം സാമ്പത്തികവിപ്ലവം വടിവാന്ന
ശാന്തനപ്പിച്ചക്കാരൻ 'രാജധർമ്മ'വും വാങ്ങി

വീണ്ടുമേ തിരുമുമ്പിൽക്കൂപ്പുകൈ തൃക്കാഴ്ചവെ-
ച്ചാണ്ടുപോ,യൊരുല്ക്കപോലാൾത്തിരക്കാഴിയ്ക്കുള്ളിൽ.

മാതൃഭൂമി.

## ൩൨. സിദ്ധാൎത്ഥൻെറ സമ്മാനം.

"സ്വയമീയിവനുള്ളമോഹമെല്ലാം
നിയതം നാം നിറവേററിടുന്നവാറം
പ്രിയഗൌതമനെന്തു ഹന്ത! ചിന്താ-
മയവാൎദ്ധിയ്ക്കകമാണ്ടിരിപ്പതേവം?" 1

അതിയാം പരിതാപമാൻറമന്നിൻ-
പതി ശുദ്ധോധനനീവിധം കഥിയ്ക്കേ,
ഇതിനെന്തുപശാന്തിചെയ്വതെന്നാ-
മതിമാന്മാർ നിരൂപിച്ചു മന്ത്രിമുഖ്യർ. 2

"നൃവരോത്തമ! കൊച്ചുതമ്പുരാൻ ത-
ന്നവശാവസ്ഥയശേഷമാശുതീൎപ്പാൻ
ധ്രുവമിന്നൊരുമോഹനാംഗിയാളാം
യുവതിക്കെന്നിയെ വയ്യ മറെറാരാൾക്കും." 3

വരമന്ത്രി വചസ്സിവണ്ണമുൎവ്വീ-
വരനൌത്സുക്യമിയന്നു കേട്ടനേരം
കരളൊട്ടു കുളിൎത്തിതെങ്കിലും സ്വ-
ത്വാരമുണ്ടായ് ചില സംശയങ്ങൾ വീണ്ടും. 4

"ശരിതന്നെയിതെങ്കിലും നമുക്കി-
ത്തിരിവൈഷമ്യമിതിങ്കലങ്കുരിക്കും,
വരിവണ്ടണിവേണിമാരിലെല്ലാ-
വരിലും ചിത്തമൊരുത്തമന്നുചേരാ. 5

അതിനാൽ മമ നന്ദനന്നു ചിത്തം
പതിയും പെണ്മണിയെത്തിരഞ്ഞെടുപ്പാൻ
അതിവേഗമൊട്ടുദ്യമിപ്പിൻ" എന്നാ-
ക്ഷിതിനാഥൻ സചിവർക്കൊരാജ്ഞനൽകി. 6

അരുളിപ്പടി മന്ത്രിവര്യരെല്ലാ-
വരുമൊന്നിച്ചൊരുപായമോർത്തുപിന്നെ,
അരുണാധരിമാരിൽമെച്ചമാകു-
ന്നൊരുസൗന്ദര്യപരീക്ഷയേർപ്പെടുത്തി. 7

"യുവതികളുടെ ലാവണ്യത്തിനൊപ്പം ധരിത്രീ-
ധവനുടെ സുതനേകും നല്ലസമ്മാനമൊന്നായ്
വിവരമവിടെയെങ്ങും വാദ്യഘോഷാരവത്താൽ
നൃവരസചിവവര്യന്മാർ പരസ്യപ്പെടുത്തി. 8

ചൊല്ലാർന്നൊരക്കപിലവസ്തുവിലുള്ള നല്ലാ-
രെല്ലാവരും നൃപസദസ്സി,ലടുത്തനാളിൽ
ചെല്ലാനൊരുങ്ങി, യുവരാജകുമാരഗാത്ര-
മുല്ലാസമാർന്നു നിജവീക്ഷണലക്ഷ്യമാക്കാൻ. 9

II.

വിശാലഫാലസ്ഥല, മിന്ദുബിംബ-
പ്രശാന്തമുഗ്ദ്ധാനന, മാർദ്രനേത്രം
കൃശാനുതേജസ്സിവ ചേർന്നതാണെ-
ക്കൃശാംഗിമാർ കണ്ടൊരു കാമ്യരൂപം. 10

ഉടൻ വധൂടീമണികൾക്കു നൽകി-
ത്തുടങ്ങി സമ്മാനമിളേന്ദ്രപുത്രൻ
അടങ്ങിടാതുള്ളൊരു നാണമേന്തി-
സ്ഫുടം കുഴങ്ങീ കുടിലാക്ഷിമാരും. 11

മടങ്ങി മന്ദം മടവാർകളെല്ലാ-
മൊട്ടുങ്ങി സമ്മാനവുമൊന്നുപോലെ
അടങ്ങി സമ്മേളനഘോഷ, മപ്പോൾ
കടന്നുവന്നാളൊരു കോമളാംഗി. 12

പ്രശോഭനീയാംഗ വിലാസമേന്തും
കൃശോദരി രത്നമിതോർത്തു കണ്ടാൽ
യശോധരാദേവി!; യിവൾക്കു താതൻ
യശോധരൻ ഭൂപതി "സുപ്രബുദ്ധി". 13

പ്രലോഭനീയാകൃതി തൻ മഹസ്സും
വിലോല നേത്രാഞ്ചല ഭംഗിവായ്പും

കുലോചിതപ്രൌഢിയുമക്കുമാരൻ
വിലോകനം ചെയ്തു മനം കുളുക്കെ. 14

കരങ്ങൾ തണ്ടാർമുകുളം കണക്കെ-
ക്കുരംഗമുഗ്ദ്ധേക്ഷണ കൂപ്പി മന്ദം
സുരമ്യമാം പുഞ്ചിരി പൂണ്ടുകൊണ്ട-
ങ്ങൊരഞ്ചൽകൂടാതരികത്തു ചെന്നു. 15

"ഇവൾക്കു തന്നീടുവതെന്തുവാൻ" എ-
ന്നവർണ്ണ്യമാധുര്യയുതസ്വരത്തിൽ
എവർക്കുമുൾക്കൌതുകമേകുമാറാ-
നവപ്രവാളാധരി ചെയ്തു ചോദ്യം. 16

"വരാംഗി! സന്മാനമശേഷവും നീ
വരാൻ വിളംബിക്കുകയാലൊടുങ്ങി,
വരാർത്ഥനയ്ക്കോർത്തിടുമെങ്കിലിന്ദീ-
വരാക്ഷി ഞാൻ വല്ലതുമൊന്നു നൽകാം." 17

സുമധുരഹസിതാഞ്ചിതാസ്യനായ-
സ്സ്മനി യുവാവിതു മട്ടുരച്ചുകൊണ്ടേ
സ്വഗളഭുവി ധരിച്ചിരുന്ന ഹാരം
മൃഗമിഴിതൻ ഗളസീമ്നി ചേർത്തുകൊണ്ടാൻ. 18

ദീവാകരസരോജിനീ നിഭൃതസംഗമംപോലെയാ-
യുവാവുമവളും പരസ്പരവിലോകനം ചെയ്യവേ
ജവാൽ വിഗതഖേദരായ്, സഭയിലേവരും ഭൂപനും
വിവാഹസുമുഹൂർത്തമൊന്നുടനെ നിശ്ചയിച്ചീടിനാർ. 23

വി. ഉണ്ണികൃഷ്ണൻനായർ ബി. എ.

## ൩൩. ശങ്കരാചാര്യരും ചണ്ഡാലനും.

"ചാരത്തു ചേരാല്ല, ചണ്ഡാല! തീണ്ടാല്ലേ"-
ന്നാരക്തനേത്രനായോതി യോഗി;
തീരെത്തദാജ്ഞയെ മാനിയാതായവൻ
ദൂരത്തു മാറാതെ ചെന്നടുത്തു.
"തെമ്മാടി, തെല്ലും വകതിരിവില്ലാതെ
നമ്മോടടുത്തയ്യോ! തീണ്ടിയല്ലോ!
ധർമ്മാതിസക്തിയിക്കാശിയിൽപ്പോലുമി-
ല്ലി;മ്മാതിരിക്കായാലെന്തു പിന്നെ!
വല്ലാത്തവനെതിരില്ലാക്കലിയെന്നൊ-
ന്നല്ലാതെന്തോതാമെ"ന്നോർത്തു യോഗി.

താണുതൊഴുതടുത്തോനോതി ചണ്ഡാലൻ:—
"സ്ഥാണുപ്രിയ മഹായോഗിയങ്ങോ?
വേണുന്ന നല്ലുപദേശത്തിനങ്ങേ ഞാൻ
കാണുന്നതിന്നു കൊതിച്ചു വന്നു.
അന്നമയമെയ്യിനോടോ ഭവാൻചൊന്ന-
തന്നമയമെയ്യു തീണ്ടിടായ്വാൻ?

അല്ലെങ്കിൽ ചൈതന്യം ചൈതന്യത്തിങ്കൽനി-
ന്നാരാലകറേറണമെന്നോ ചൊൽവൂ?

എൻ താണബുദ്ധിക്കഗോചരമാകയാ-
ലെന്താണ,ത്തീണ്ടലെന്നോതിയാലും!

ഹന്താനവാപ്തവിജ്ഞാനന്മാക്കാനന്ദ-
സന്താനസന്ദാന സന്താനം നീ"

ശങ്കരൻ താനതെന്നച്ചൊല്ലാല്യഹിച്ച,
തങ്കഴൽ നാണിച്ചു കൂപ്പിപ്പോന്നാൻ.

ശങ്കരാചാൎയ്യരോ തീണ്ടലിങ്ങുണ്ടാക്കി?
ശങ്കയുണ്ടേററമെനിക്കതിങ്കൽ:

വേദാന്തശാസ്ത്രം ജഗത്തിൽപ്പരത്തിയോ-
രാദാന്തസന്യാസി സൂൎയ്യാചാൎയ്യൻ,

ഖേദാന്തമാൎഗ്ഗം തെളിയിച്ചവൻ, ജാതി-
ഭേദാന്ധകാരത്തിൻ കാരണമോ?

ആരോ വികൃതികളാം ചിലർ നട്ടിട്ട-
മോരോ ദുരാചാരപ്പാഴ്മരങ്ങൾ,

വേരോടെ വേഗം പറിച്ചു കളയേണം
നേരോതാം ഞമ്മൾക്കു നന്മയ്ക്കിപ്പോൾ

മാലോകരാം മണിമാലയിൽ നൂലായി
മൂലോകനായകൻ മേവിടുന്നു;
ആലോകനാർഹമിത്തത്വം നേർക്കോർത്തീടാ-
ഞ്ഞാലോ കുഴങ്ങുമീ മായയിൽ നാം.
വേദത്തിലില്ലാത്ത വല്ലാത്തൊരിജ്ജാതി
ഭേദത്തെച്ചൊല്ലികലഹിക്കാതെ,
സോദരരെല്ലാംമനുഷ്യരെന്നുള്ളിൽ
സാദരമോർത്തു നടക്കുക നാം. 42

കണ്ടൂർ നാരായണമേനോൻ.

## ൩൪. വെൽക, വെൽക!

വെൽക, വെൽക, വിശ്വജന-
ഹൃദയാധിനേതാവേ, നീ
വെൽക, വെൽക, ശ്രീഭാരത-
ഭാഗ്യധാതാവേ !

പഞ്ചനദം, സിന്ധു, വംഗം,
ഗുജരാഷ്ട്രം, മഹാരാഷ്ട്ര-
മുൽകലം, ദ്രാവിഡമെന്നീ-
ബ്ഭൂഭാഗങ്ങളും,

വിന്ധ്യാദ്രിയും, ഹിമാദ്രിയും,
യമുനയും, ഗംഗയും
വൻതിരമാലകളടി-
ച്ചാർക്കുമാഴിയും,

നിൻ നാമം കേട്ടുണരുന്നു ;
നിന്നാശിസ്സിന്നർത്ഥിക്കുന്നു ;
നിൻ വിജയഗാഥകളുൽ-
ഗാനം ചെയ്യുന്നു !

വെൽക, വെൽക, വിശ്വജന-
യോഗക്ഷേമദാതാവേ, നീ
വെൽക, വെൽക, ശ്രീഭാരത-
ഭാഗ്യധാതാവേ !

നാളിൽ നാളിൽധീരോദാര-
ഭാഷയിലിപ്പാരിടത്തി-
ന്നാകമാനമുണർവേകും
നിൻ വിളി കേൾക്കേ,

ഹിന്തുക്കളും, ബൌദ്ധന്മാരും,
ജൈനന്മാരും, പാർസികളും,
സിക്കുകാരും, ക്രിസ്ത്യന്മാരും,
മുസൽമാന്മാരും,

എന്തിനേറെ: പൌരസ്ത്യരും
പാശ്ചാത്യരുമായിട്ടുള്ളോ-
രെല്ലാവരുമേകീഭവി-
ച്ചാദരാലെത്തി,

പാവനമാം പ്രേമഹാരം
കാണിക്കയായർപ്പിക്കുന്നു
ഭാവൽകമാം സിംഹാസന-
സന്നിധിയിങ്കൽ!

വെൽക, വെൽക, വിശ്വജനീ-
നൈക്യത്തിൻ വിധാതാവേ, നീ
വെൽക, വെൽക, ശ്രീഭാരത-
ഭാഗ്യധാതാവേ!

നതോന്നതമാകും കാല-
പഥത്തൂടെ യുഗംതോറും
നയിപ്പൂ നീ യാത്രക്കാരെ-
ച്ചിരസാരഥേ !

അഹന്നിശ മാമന്ത്രം നിൻ-
രഥചക്രനിർഘോഷത്താ-
ലലംമുഖരിതങ്ങളാ-
ണല്ലോ മാർഗ്ഗങ്ങൾ !

ദാരുണവിപ്ലവത്തിലും
സങ്കടത്രാതാവേ, ത്വദോ-
ദാരമാകും പള്ളിശ്ശംഖിൻ
നാദം കേൾക്കുന്നു !

വെൽക, വെൽക, വിശ്വജന-
മാർഗ്ഗദശ്യിതാവേ നീ
വെൽക, വെൽക, ശ്രീഭാരത-
ഭാഗ്യധാതാവേ !

പാരിച്ചുള്ള കൂരിരുളാൽ
നിബിഡമാം പാതിരയിൽ
പാരിടം വൻ ഭയപീഡ-
യാലേ മൂർച്ഛിക്കേ ,

അനിമേഷമിഴികളാ-
ലൂററു നോക്കിയിരിപ്പൂ നീ-
യവികലമംഗളത്തെ
പ്രാർത്ഥിച്ചുകൊണ്ടേ !

ദുഃസ്വപ്നം കണ്ടേറെബ്ഭയം
വളരുമ്പോളുത്സംഗേ ചേ-
ത്താശ്ലേഷിപ്പൂ വത്സലയാ-
മമ്മപോലെ നീ !

വെൽക, വെൽക, വിശ്വജന-
ദുഃഖപരിത്രാതാവേ, നീ
വെൽക, വെൽക, ശ്രീഭാരത-
ഭാഗ്യധാതാവേ !

പ്രഭാതമായുദയാദ്രി
ശിഖരത്തിൽ ശ്രീരവിതൻ
പ്രഭാപ്രരോഹങ്ങളോ പരി-
സ്ഫുരിച്ചിടുന്നു ;

സമന്തതഃ പക്ഷിവൃന്ദം
കളഗീതമുതിർക്കുന്നു ;
സമീരണൻ വനജീവ-
നാനും വീശുന്നു ;

വാരാളും നിൻ കാരുണ്യമാ-
മരുണരാഗത്തിൽ സുപ്ത-
ഭാരതമുണരുന്നു തവ
തൃക്കാൽ കുപ്പുന്നു!

വെൽക, വെൽക, രാജാക്കൾക്കു-
മധീശനായുള്ളോവേ, നീ
വെൽക, വെൽക, ശ്രീഭാരത-
ഭാഗ്യധാതാവേ!!

ടാഗോർ, സി. കുഞ്ഞുണ്ണിനമ്പീശൻ.

# ഉപപാഠപുസ്തകങ്ങൾ.

| | |
|---|---|
| ശ്രീരാമകൃഷ്ണപരമഹംസൻ | 1-0-0 |
| ശ്രീകൃഷ്ണലീലകൾ | 1-0-0 |
| അർജ്ജുനൻ | 0-14-0 |
| ശ്രീശുകൻ | 0-9-0 |
| ഉർവ്വശി | 0-8-0 |
| രവീന്ദ്രനാഥടാഗോർ | 0-12-0 |
| ഒരു ഭക്തബാലൻ | 0-3-0 |
| അംബരീഷൻ | 0-5-0 |
| അഞ്ചു ഭാരതീയ മഹാന്മാർ | 0-6-0 |

# വിഷയപുസ്തകങ്ങൾ.

| | | | | |
|---|---|---|---|---|
| കൊച്ചി ഭൂമിശാസ്ത്രം | | | | 0-3-0 |
| മലബാർ ഭൂവിജ്ഞാനീയം | | | | 0-4-0 |
| മദ്രാസ് സംസ്ഥാന ഭൂമിശാസ്ത്രം | | | | 0-6-0 |
| കേരളചരിത്രകഥകൾ | 1-ാം ഭാഗം | | | 0-3-0 |
| ടി | 2-ാം ഭാഗം | | | 0-3-0 |
| ചരിത്രകഥകൾ | 1-ാം ഭാഗം | | | 0-3-6 |
| ടി | 2-ാം ഭാഗം | | | 0-4-0 |
| ജനറൽ സയൻസ് | 1-ാം ഭാഗം | ഫാറം | 1 | 0-5-0 |
| ടി | 2-ാം ഭാഗം | ഫാറം | 2 | 0-6-0 |
| ടി | 3-ാം ഭാഗം | ഫാറം | 3 | 0-8-0 |
| കൈരളീഗാനം | 1-ാംഭാഗം | ക്ലാസ്സ് | 2 | 0-1-6 |
| ടി | 2 | ടി | 3 | 0-2-0 |
| ടി | 3 | ടി | 4 | 0-2-6 |
| ടി | 4 | ടി | 5 | 0-3-0 |
| ടി | 5-ാംഭാഗം | ഫാറം | 1 | 0-3-6 |
| ടി | 6 | ടി | 2 | 0-4-0 |
| ടി | 7 | ടി | 3 | 0-5-0 |

Sarswathi (Elec.) Printing & Publishing House, Trichur.